Government help to Depressed classes pupils through D. P. I.

മിസ്റ്റർ കെ. പി. വള്ളോൻ.— "അധഃകൃത വിദ്യാർത്ഥികൾക്ക് ഗവമ്മെണ്ടിൽനിന്നും ചെയ്യുന്ന എല്ലാവിധ സഹായസഹകരണങ്ങളും വിദ്യാഭ്യാസ മേലധ്യക്ഷന്റെ കീഴിലാക്കി തരുവാൻ ഈ സഭ ഗവമ്മെണ്ടിനോടു ശുപാർശ ചെയ്യുകൊള്ളുന്നു." സർ, എന്റെ ഈ നിശ്ചയത്തിന്റെ താല്പര്യം അധഃകൃത വിദ്യാർത്ഥികൾക്ക് ഗവമ്മെണ്ടിൽനിന്നു അനുവദിച്ചിട്ടുള്ള സഹായസഹകരണങ്ങൾ സമയത്തിനു് ലഭ്യമാകാതെയിരിയ്ക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടിനെ പരിഹരിയ്ക്കണമെന്നുള്ളതാണു്. ഇപ്പോൾ അധഃകൃത വിദ്യാർത്ഥികൾക്കു് ആ ഡിപ്പാർട്ടുമെണ്ടിൽനിന്നു ചെയ്യുന്ന സഹായസഹകരണങ്ങൾ ന്യായമായ നിലയിൽ ലഭിയ്ക്കുന്നില്ല. നാലും അഞ്ചും മാസങ്ങൾ കഴിഞ്ഞതിനു ശേഷമാണു് അവർക്കു് സ്റ്റൈപ്പൻറും കിട്ടിവരുന്നതു്. പുസ്തകങ്ങളാണെങ്കിൽ അതും സമയംഅതിക്രമിച്ചാണു കിട്ടുന്നതു്. ഇതുമൂലം അധഃകൃത വിദ്യാർത്ഥികൾ അധികവും കഷ്ടപ്പെടുന്നുണ്ടു്. ഞാൻ ഈ റസല്യൂഷൻ കൊണ്ടുവന്നിട്ടുള്ളതു് ഒരു ഉദ്യോഗസ്ഥനെ പരിഹസിയ്ക്കുവാനും മാറുമായിട്ടില്ല. അധഃകൃത വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടിനെ പരിഹരിയ്ക്കുവാൻ വേണ്ടിയാണു്. ഇപ്പോൾ മുസ്ലീം സമുദായങ്ങൾക്കും മറ്റും ഗവമ്മെണ്ടിൽനിന്നും കൊടുത്തുവരുന്ന സ്റ്റൈപ്പൻറു് സമയത്തിനു കിട്ടുന്നതുകൊണ്ടായിരിയ്ക്കാം ഈ വക പരാതികളൊന്നും മറ്റൊരും ഇവിടെ കൊണ്ടുവരാതെയിരിയ്ക്കുന്നതു്. ഇതിനെ സംബന്ധിച്ചു് അധഃകൃതരുടെ ഇടയിൽനിന്നും അനവധി പരാതികളുണ്ടായിട്ടുണ്ടു്. അവരുടെ ബുദ്ധിമുട്ടുകൾ കൂടതലാകുമ്പോളാണു് ഈ വക സംഗതികൾ ഗവമ്മെണ്ടിന്റെ മുമ്പിൽ കൊണ്ടുവരാറുള്ളതു്. മുമ്പു് ഇങ്ങിനെയുള്ള സഹായസഹകരണങ്ങളും മറ്റും വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടു് അധഃകൃത ഡിപ്പാർട്ടുമെൻറിനോടു യോജിച്ചു ചെയ്തിരുന്നകാലത്തു് ഈ വക പരാതികൾക്കു് ഒന്നിനും ഇടവന്നിട്ടില്ല. സ്റ്റൈപ്പൻറിന്റെ കാര്യത്തെപ്പറ്റി സ്കൂൾമാസ്റ്റർമാരോടു ചോദിയ്ക്കുമ്പോൾ അവർ പറയുന്നതു് ഞങ്ങൾക്കു് ഈ വക കാര്യങ്ങളിൽ യാതൊരു അവകാശവുമില്ല; സംരക്ഷണ ഡിപ്പാർട്ടുമെണ്ടുകാരോടു ചോദിച്ചുകൊള്ളണമെന്നാണു്. സംരക്ഷണ ഡിപ്പാർട്ടുമെണ്ടുകാരോടു് ആവശ്യപ്പെടുമ്പോൾ ഹെഡ്മാസ്റ്റർമാർ എഴുതി അയച്ചിട്ടില്ല; അവർ എഴുതി അയയ്ക്കട്ടെ എന്നെല്ലാം പറയുന്നു. ഇങ്ങിനെയുള്ള പാടിയും വലിയും ആണു് ഈ കാര്യത്തിൽ നടക്കുന്നതു്. എന്നാൽ ഇതു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിനോടുകൂടി യോജിപ്പിയ്ക്കുന്നപക്ഷം മുൻകാലുങ്ങളിൽ കിട്ടിയിരുന്നതുപോലെ കിട്ടുമെന്നാണു് എന്റെ ബോദ്ധ്യം. ഇതിനെ സംബന്ധിച്ചു പലതവണയും ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. വിദ്യാർത്ഥികൾതന്നെ ഒരു യോഗം കൂടി ഗവമ്മെണ്ടിനെ അറിയി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ട്. ഇത്തരത്തിലെല്ലാം ഗവൺമെണ്ടിനെ അറിയിച്ചു, ടും ബുദ്ധിമുട്ടിനു് യാതൊരു പരിഹാരവും ഗവൺമെണ്ടു് വരുത്തിയിട്ടില്ല. പിന്നെ മാസ്റ്റർമാർ പുസ്തകം, വസ്ത്രം മുതലായതും ഈ സ്റ്റൈപ്പൻഡും വാങ്ങുവാൻ പോകുന്ന എങ്കിൽ അവക്കും ഒരു അലവൻസുകൂടി ഗവൺമെണ്ടിൽനിന്നു ഇപ്പോൾ കൊടുത്തുവരുന്നുണ്ടു്. ഇതും ഗവൺമെണ്ടിനു് കൂടുതൽ ചിലവാണെന്നു മാത്രമല്ലാതെ ഞാൻ അതിനെപ്പറ്റി അധികമൊന്നും പറയുന്നില്ല. അധഃകൃത വിദ്യാർത്ഥികൾക്കു് ഉണ്ടായിക്കൊണ്ടിരിയ്ക്കുന്ന ബുദ്ധിമുട്ടുകൾ ഞാൻ അറിഞ്ഞതുകൊണ്ടാണു് ഈ റസല്യൂഷൻ ഇവിടെ അവതരിപ്പിയ്ക്കുവാനുള്ള കാരണം. ഗവൺമെണ്ടു് ന്യായമായ നിലയിൽ ഇതു് സഹായകരിച്ചു് അധഃകൃത വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടിനു് എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കിത്തരുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ കൌൺസിൽ മുമ്പാകെ ഈ റസല്യൂഷൻ അവതരിപ്പിച്ചുകൊള്ളുന്നു.

Dr. A. R. Menon.—I Second it.

മിസ്റ്റർ ജോസഫ് പെട്ട.—പ്രൊട്ടക്ടറർ ഈ സ്കൂൾ വിദ്യാർത്ഥികൾക്കു കൊടുക്കുന്ന സ്റ്റൈപ്പൻഡു മുതലായവ സ്കൂൾ മാസ്റ്റർമാർ വഴിയ്ക്കാ, അല്ല വേറെവല്ല വഴിയ്ക്കുമോ കൊടുക്കുന്നതു്?

Rama Varmha Tampuran.—It is given mainly through the Protector of the Depressed Classes. I think the contract is given to the local suppliers and they supply these articles.

Mr. P. Krishna Menon.—He was asking about the stipends.

Rama Varmha Tampuran.—I thought it was about the clothes, books and other things.

Dr. A. R. Menon.—Is it done through the representative of the depressed classes or through the respective masters? That is the information that we require.

മിസ്റ്റർ ഐ. എൻ. മേനോൻ.—സ്റ്റൈപ്പൻഡു മുതലായവയെല്ലാം സ്കൂൾ മാസ്റ്റർമാർ വഴിയ്ക്കാണു് കൊടുക്കുന്നതു്.

Dr. A. R. Menon.—Books and slates?

മിസ്റ്റർ ഐ. എൻ. മേനോൻ.—ചിലടത്തിൽ പുസ്തകങ്ങൾ പ്രൊട്ടക്ടറർ തന്നെ കൊടുത്തുവരുന്നുണ്ടു്. ചിലയിടത്തു് ഹെഡ്മാസ്റ്റർമാർ മുഖേന കൊടുക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ കോൺട്രാക്ടറർമാരും കൊടുത്തു വരുന്നുണ്ടു്. അതുകൊണ്ടു് ഇതിനെന്നിനും തരിയായ ഒരു തീരുമാനം വന്നിട്ടില്ല. അതു് അദ്ദേഹത്തിന്റെ സൌകര്യംപോലെ പ്രൊട്ടക്ടറർ ഏർപ്പാടു ചെയ്തു കൊടുക്കുന്നുണ്ടു്.

Dr. A. R. Menon.—Was there any representation from the students of the depressed classes about the difficulty? If so, what action has been taken?

LIBRARY ARCHIVES Kerala Legislative Assembly

Rama Varmha Tampuran.—There has been no representation from the depressed classes students.

Mr. P. Kumaran Ezhuthassan.—What was the practice prior to the appointment of the Protector of the Depressed Classes?

Mr. I. N. Menon.—We used to supply through the inspecting officers.

Mr. P. Kumaran Ezhuthassan.—Was it not done satisfactorily?

Mr. I. N. Menon.—I cannot say. There were no complaints. I do not know what sort of complaints there are now.

മിസ്റ്റർ കെ. അയ്യപ്പൻ —ഇപ്പോഠം കിട്ടുന്നതിനു് കാലതാമസം നേരിടുന്നുണ്ടോ; ഇതിനുമുമ്പും ഇപ്പോഴും കൊടുക്കുന്നതിൽ ഏതിനാണു് കാലതാമസം വരുന്നതു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—ചില ദിക്കിൽ വൈകി കിട്ടുന്നു എന്നു പറയുന്നു. അതിനെപ്പറ്റി ശരിയായ അറിവില്ല.

ഡാക്ടർ എ. ആർ. മേനോൻ.—മുമ്പു് വൈകിയിരുന്നുവോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എം. ഇബ്രാഹിം —ഈ റസല്യൂഷന്റെ നോട്ടീസു കിട്ടിയപ്പോഴെങ്കിലും ഈ വക വിവരങ്ങൾ ആവശ്യമാണെന്നു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ ജാഫ്രു ചാക്യാമുറി.—ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. എന്റെ എളിയ അഭിപ്രായത്തിൽ ഈ പ്രമേയം അത്ഥത്തുനിന്നാണെന്നാണു് എനിയ്ക്കു തോന്നുന്നതു്. അധഃകൃതരുടെ കാര്യങ്ങളെ വേണ്ടപോലെ അന്വേഷിയ്ക്കുവാൻ സമ്പ്രദായം കൊടുത്തു് ഒരുദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളതുകൊണ്ടു് അധഃകൃതരുടെ കാര്യത്തിനു വേറെ ഒരു ഡിപ്പാർട്ടുമെണ്ടിന്റേയും സഹായം ആവശ്യമില്ലാത്തതാണു്. അധഃകൃത ഡിപ്പാർട്ടുമെണ്ടു് പുതിയതായതുകൊണ്ടു് അതിനു ചെയ്തുകൊടുക്കേണ്ടതായ സഹായങ്ങളൊന്നും പൂർണ്ണമായി സർവ്വമെണ്ടിൽനിന്നും കിട്ടിക്കഴിഞ്ഞിട്ടില്ല. അതിനെ പരിഹരിച്ചു നന്നാക്കി കൊണ്ടുവരുവാനാണു് നോക്കേണ്ടതു്. ആ ഡിപ്പാർട്ടുമെണ്ടിലുള്ളവർക്കു് ജോലി പഠിച്ചുവരുന്നതിനുള്ള കാലതാമസംകൊണ്ടാണു് ഈ പുസ്തകങ്ങൾ മുതലായവ കൊടുക്കുന്നതിലും കാലതാമസം നേരിടുന്നതു്. ആ സ്ഥിതിയ്ക്കു് ആ ഡിപ്പാർട്ടുമെണ്ടിൽനിന്നും വേറെ ഒരു ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽ ഈ മുതല ഏല്പിക്കണമെന്നു പറയുന്നതു് തീരെ അത്ഥമില്ലാത്തതാണു്. അങ്ങനെ ചെയ്യുകയാണെങ്കിൽ ഈ അധഃകൃത ഡിപ്പാർട്ടുമെണ്ടുകൊണ്ടു് അധഃകൃതർക്കു യാതൊരു ആവശ്യവുമില്ല. അധഃകൃത ഡിപ്പാർട്ടുമെണ്ടിനു കൂടുതലായ സജഷൻ കൊ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തു് അതിനെ പരിഷ്കരിയ്ക്കുവാൻ നോക്കാതെ എല്ലാ ഭാരവും ഡിപ്പാർട്ടുമെണ്ടു മേലധ്യക്ഷൻതന്നെ എടുക്കണമെന്നു പറയുന്നതു തീരെ അടിസ്ഥാനരഹിതമാണെന്നാണു് എനിയ്ക്കു തോന്നുന്നതു്. അവക്കുവേണ്ടിമാത്രം ഒരു ഡിപ്പാർട്ടുമെണ്ടു് വച്ചിട്ടുള്ള സ്ഥിതിയ്ക്കു് അതുകൊണ്ടു യാതൊരു ഫലവുമില്ല, ഗുണവുമില്ല, മണവുമില്ല എന്നുപറയുന്നതു ശരിയല്ല. വിദ്യാഭ്യാസ മേലധ്യക്ഷനതന്നെ ഇതിന്റെ മുമതലകൊടുക്കുകയാണെങ്കിൽ അവിടേയും കാലതാമസം വരും എന്നു അദ്ദേഹംതന്നെ പറയുകയുണ്ടായി. അദ്ദേഹത്തിനുതന്നെ ആ മലയ ഡിപ്പാർട്ടുമെണ്ടിലെ അനവധികാര്യങ്ങൾ അനേഷിക്കേണ്ടതുണ്ടു്. പല ജോലികളുടേയും ഉത്തരവാദിത്വം അദ്ദേഹത്തിനുണ്ടു്. ആ കൂട്ടത്തിൽ ഇതുംകൂടി കൊടുത്താൽ ശരിയായ വിധം ചെയ്യുവാൻ സാധിയ്ക്കുകയില്ല. അതിനാൽ ഇങ്ങിനെയുള്ള മുമതലകൂടി അദ്ദേഹത്തിനു കൊടുക്കണമെന്നു് ആവശ്യപ്പെടുന്ന ഈ പ്രമേയം തീരെ അഭാസമാണെന്നുള്ളതിനാൽ ഇതു് ഈ സഭ സ്വീകരിയ്ക്കുവാൻ പാടില്ലെന്നപേക്ഷിച്ചുംകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ഈ പ്രമേയത്തെപ്പറ്റി ആലോചിക്കുമ്പോൾ ബഹുമാനപ്പെട്ട പള്ളിയത്തു മെമ്പർ പറഞ്ഞതുപോലെ ഇതു് അത്ര അഭാസമാണെന്നു് എനിയ്ക്കു തോന്നുന്നില്ല. അദ്ദേഹം പറഞ്ഞതു് ഇവിടെ പുതുതായ ഒരു ഡിപ്പാർട്ടുമെണ്ടു് സൃഷ്ടിച്ചിട്ടുണ്ടു്. ആ ഡിപ്പാർട്ടുമെണ്ടിൽ യോഗ്യനായ ഒരാളെ ശമ്പളവും കൊടുത്തു വച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ റസല്യൂഷൻ പാസാക്കുകയാണെങ്കിൽ ആ ഉദ്യോഗസ്ഥനു് പ്രവൃത്തി നടത്തുവാനുള്ള യോഗ്യത പോരാത്തതുകൊണ്ടാണു് ഈനിയമം നടപ്പാക്കണമെണ്ടു് സ്വീകരിച്ചതു് എന്നുവരും. ആ സ്ഥിതിക്കു് അദ്ദേഹത്തെതന്നെ ഈവക കാര്യങ്ങൾ നടത്തുവാൻ ഏല്പിച്ചു് വല്ല പാശകകളും കാണുന്നുണ്ടെങ്കിൽ അവയെ തിരുത്തികൊടുത്തു് വേണ്ടവിധത്തിൽ നടത്തിക്കൊണ്ടുപോകുവാൻ അനുവദിച്ചാൽ മതി എന്നു പറയുകയുണ്ടായി.

പക്ഷെ ഈ ഉപഹാപോഹങ്ങൾകൊണ്ടു് ഇങ്ങിനെയുള്ള കാര്യങ്ങളിൽ ലേശമെങ്കിലും ശരിയായ അറിവില്ലാതെ മറുകാര്യങ്ങളിൽ പ്രവൃത്തിച്ചുകൊണ്ടിരിയ്ക്കുന്ന ആളുകൾ, അധഃകൃതസമുദായത്തെ പ്രതിനിധീകരിക്കുന്നവരും അവരുടെ സമുദായത്തിൽപെട്ടവനായതുകൊണ്ടു് അവരുടെയിടയിലുള്ള സകല ബുദ്ധിമുട്ടുകളും നല്ലവണ്ണംകണ്ടു മനസ്സിലാക്കിയിട്ടുള്ളവനുംആയ ബഹുമാനപ്പെട്ട അധഃകൃതമെമ്പർ ഇവിടെ കൊണ്ടുവന്നിട്ടുള്ള പ്രമേയം അത്യാവശ്യമായിട്ടുള്ളതാണെന്നു പറയുന്നതു് വലിയ അബദ്ധമാണു്. ഈ പ്രമേയത്തിൽ അഭാസമായ യാതൊരു ഉദ്ദേശങ്ങളും വച്ചുകൊണ്ടല്ല അധഃകൃത പ്രതിനിധി ഇതവിടെ അവതരിപ്പി-

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുള്ളതു് എന്നു് ഇതു കാണ്മോമ്പോൾതന്നെ മനസ്സിലാകും. അധ്യക്ഷതപ്രതിനിധിയ്ക്കു് ഈ കാര്യത്തെപ്പറ്റിയുള്ള അനുഭവംകൊണ്ടു് ഇവിടെ പറഞ്ഞതായിരിക്കണം. മുമ്പിലത്തേയും ഇപ്പോഴത്തേയും നില നല്ലവണ്ണം അദ്ദേഹത്തിന്റെ അറിവിൽപ്പെട്ടതുകൊണ്ടായിരിക്കണം ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇപ്പോഴത്തേതിനേക്കാൾ മുമ്പിലത്തേതാണു് കുറച്ചുകൂടി നല്ലതെന്നുള്ള വിശ്വാസം അദ്ദേഹത്തിനുണ്ടെങ്കിൽ, അതു് അത്ഥശൂന്യമാണെന്നു പറയുവാൻ യാതൊരു ന്യായവും കാണുന്നില്ല. അതിനാൽ ഇനി മേലാലെങ്കിലും അങ്ങിനെ പറയാതിരിക്കണമെന്നു് അപേക്ഷിക്കുന്നു. ഈ പ്രമേയം ഇവിടെ പാസാക്കിയാൽ ഡിപ്രസ്ഡ് ക്ലാസിനൊ പ്രൊട്ടക്ടക്കൊ ഹാനിവരുമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ഇതു ഫലവത്തായ ഒരു പ്രമേയം വേറൊന്നില്ല. അതിനാൽ ഇതിനെ ഫലവത്താക്കിതീർക്കണമെന്നാണു് അധ്യക്ഷതപ്രതിനിധിയുടെ അഭിപ്രായം. അധ്യക്ഷത ഡിപ്രാട്ട്മെൻറുമുഖാന്തിരം കിട്ടിവരുന്ന സഹായങ്ങൾ എഡ്യൂക്കേഷൻ ഡിപ്രാട്ട്മെണ്ടു് മുഖാന്തിരം കിട്ടണമെന്നാണു് അദ്ദേഹത്തിനു് അഭിപ്രായമുള്ളതെങ്കിൽ അതിന്റെ കാരണം നല്ലപോലെ അറിഞ്ഞിട്ടായിരിക്കും അദ്ദേഹം ഇവിടെ പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് ഈ പ്രമേയത്തിലെ വിഷയം ഒരുവിധത്തിലും ആഭാസമാണെന്നു് ആക്ഷേപം പറയുവാൻ അവകാശമില്ല. അതുകൊണ്ടു് അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഗവണ്മെണ്ടു് സ്വീകരിച്ചു് അവരുടെ ബുദ്ധിമുട്ടുകളെ നിവർത്തിച്ചുകൊടുക്കണമെന്നാണു് എനിയ്ക്കു് ഇവിടെ പറയുവാനുള്ളതു്.

The House rose for lunch at 2 P. M. and met again at 3 P. M. with the Deputy President in the Chair.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈ നിയമത്തിലെസംഗതി സ്വീകാര്യമാണൊ അല്ലയൊ എന്നു നോക്കുന്നതിനു മുമ്പായി ഇപ്പോൾ അധ്യക്ഷതക്കു് ചെയ്തുകൊടുക്കുന്ന സഹായസഹകരണങ്ങൾ മുമ്പത്തേക്കാൾ താമസിക്കുന്നുണ്ടൊ എന്നു ആദ്യമായി അറിയേണ്ടതു് അധ്യാവശ്യമാണു്. ഇതു സംബന്ധിച്ചു് വിദ്യാഭ്യാസ ഡയറക്ടരുടേയൊ, ഈ പ്രമേയത്തിന്റെ അവതാരകന്റെയൊ, സെക്രട്ടറി അവർകളുടേയൊ പ്രസംഗത്തിൽനിന്നു് സൂക്ഷ്മമായ വിവരം അറിയുവാൻ കഴിഞ്ഞിട്ടില്ല. ഈ താമസം മുമ്പും വളരെ ഉണ്ടായിരുന്നതായിട്ടറിയാം. ആ താമസത്തിനുള്ള കാരണം അതാതു് ഉദ്യോഗസ്ഥന്മാർ മാത്രവുമല്ല, ഇപ്പോഴത്തെ താമസം മുമ്പിലത്തെമാതിരിതന്നെയാണെന്നുപറഞ്ഞാൽ അതു് ഒരു സമാധാനമായിരിക്കയില്ല. മുമ്പിലത്തേക്കാൾ എത്രയും വേഗത്തിൽ ഇപ്പോൾ സംഗതികൾ നടക്കേണ്ടതാണു്. എനിക്കു് ഇതിനെപ്പറ്റി പറയുവാനുള്ളതു് ഇങ്ങിനെയുള്ള ഒരു പ്രമേയം അധ്യക്ഷത

LIBRARY ARCHIVES Kerala Legislative Assembly

മെമ്പറിൽനിന്നു് ന്യായമായി വന്നിട്ടുള്ളതാണെന്നുണ്ടെങ്കിൽ അതു തീക്കാൻ ഗവമ്മെണ്ടിൽനിന്നും കർശനമായി എന്തെങ്കിലും ഉടനടി പ്രവൃത്തിക്കേണ്ടതാണു്. അധഃകൃതരുടെ സഹായത്തിനവേണ്ടി സൃഷ്ടിച്ചിട്ടുള്ള ഡിപ്പാർട്ട്മെൻറുകൊണ്ടു് അവർക്കു പറയത്തക്ക ഗുണമൊന്നും ഉണ്ടാകുന്നില്ലെങ്കിൽ അതു് വളരെ സങ്കടകരമായിട്ടുള്ളതാണു്. പക്ഷെ ബഹുമാനപ്പെട്ട അധഃകൃത മെമ്പർ ഈ സംഗതികളെക്കുറിച്ചു് സൂക്ഷ്മവിവരമില്ലാതെ അധഃകൃത സംരക്ഷകനു് ആക്ഷേപകരമായ ഈ റസല്യൂഷൻ കൊണ്ടുവന്നിട്ടുള്ളതാണെന്നുണ്ടെങ്കിൽ അതും വളരെ സങ്കടകരമായിട്ടുള്ളതാണു്. അധഃകൃത വിദ്യാർത്ഥികൾക്കുള്ള സഹായസഹകരണങ്ങളെല്ലാം വിദ്യാഭ്യാസമേലധികാരത്തിനു വിട്ടുകൊടുക്കുവാൻ പറയുന്നതു് അധഃകൃതസംരക്ഷകനെ ആക്ഷേപിയ്ക്കുവാനുള്ള ഒരു അലങ്കാരപ്രയോഗമാണെങ്കിൽ അതിന്റെ അർത്ഥം മനസ്സിലാക്കാൻ സാധിയ്ക്കും. അധഃകൃതക്കു വേണ്ടി വച്ചിട്ടുള്ള ഒരു ഡിപ്പാർട്ടുമെണ്ടിലെ ജോലിക്കാരാളം ജോലിയുള്ള വേറെ ഒരു ഡിപ്പാർട്ടുമെണ്ടിനു് വിട്ടുകൊടുക്കണമെന്നു പറഞ്ഞാൽ ഗവമ്മെണ്ടിനു് അതിൽ പ്രായോഗികമായി യാതൊന്നും ചെയ്യാൻസാധിക്കുകയില്ല. അധഃകൃതരെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഈ മാതിരി താമസം വരുന്നതു് എല്ലാ ഡിപ്പാർട്ടുമെണ്ടുകാരും ഏറക്കുറെ ഔദാസീന്യം കാണിയ്ക്കുന്നതുകൊണ്ടാണു്. പുതുവൽ പതിച്ചുകൊടുക്കുന്ന കാര്യത്തിൽ താമസത്തിനു പ്രധാന കാരണക്കാർ റവന്യൂ ഡിപ്പാർട്ടുമെൻറുകാരാണു്. പുസ്തകങ്ങളും മറ്റും കൊടുപ്പാൻ താമസത്തിനു കാരണക്കാരൻ അധഃകൃതസംരക്ഷകൻതന്നെയാണോ എന്നതു അറിഞ്ഞുകൂടാ. ഏതായാലും ആ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചുള്ള പരാതികൾ ഈ കൌൺസിലിൽ എപ്പോഴും വരുന്നുണ്ടു്. ഇതിന്റെ കാരണമെന്താണെന്നു് ഗവമ്മെണ്ടിൽനിന്നും വളരെ ഔവമായി അന്വേഷിക്കേണ്ടതാണു്. ന്യായമായ പരാതിയാണോ അല്ലയോ എന്നു് അന്വേഷിക്കേണ്ട ചുമതല ഗവമ്മെണ്ടിനുണ്ടു്. അങ്ങിനെയുള്ള അന്വേഷണത്തിൽ ഇതു് ന്യായമാണെന്നു കണ്ടാൽ എന്തെങ്കിലും പരിഹാരമുണ്ടാക്കികൊടുക്കുന്നില്ലെങ്കിൽ അതു കഷ്ടമായിരിക്കും.

മിസ്റ്റർ ജോസഫ് പെട്ട.—അധഃകൃത പ്രതിനിധി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള പ്രമേയം ഗവമ്മെൻറിന്റെ ഗാഢമായ ആലോചനയ്ക്കു വിഷയീഭവിയ്ക്കേണ്ട ഒന്നാണു് എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. അധഃകൃതസംരക്ഷകനെ ആക്ഷേപിയ്ക്കുവാനല്ല ഞാൻ ഉദ്ദേശിയ്ക്കുന്നതു്. സംഗതികളുടെ ഇപ്പോഴത്തെ സംഘടന ആലോചിച്ചാൽ ഇങ്ങനെയുള്ള താമസം സ്വാഭാവികമാണെന്നാണു് എനിയ്ക്കു തോന്നുന്നതു്. ഈ പ്രമേയത്തിന്റെ അവതരകൻ തന്റെ പ്രസംഗത്തിൽ ഉദ്ദേശിച്ചിട്ടുള്ള സംഗതികൾ അധഃ

LIBRARY ARCHIVES Kerala Legislative Assembly

കൃത വിദ്യാർത്ഥികളെ സംബന്ധിക്കുന്നവ മാത്രമാണ്. വിദ്യാർത്ഥികൾ വിദ്യാഭ്യാസ മേലധ്യക്ഷന്റെ കീഴിലാണ് സ്ഥിതിചെയ്യുന്നത്. അദ്ധ്യാപകന്മാരും അദ്ദേഹത്തിന്റെ കീഴിലുള്ളവരാണ്. ഇങ്ങനെയുള്ളവർക്ക് ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങൾ വിദ്യാഭ്യാസ മേലധ്യക്ഷൻതന്നെ നേരിട്ട് ചെയ്യുന്നതാണ് ഏറ്റവും കാര്യക്ഷമമായിട്ടുള്ളതെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഉദാഹരണത്തിന് ഏതെങ്കിലും ഒരു സംഗതി പ്രത്യേകിച്ചെടുത്തുനോക്കിയാൽ എന്റെ പ്രസ്താവനയുടെ വാസ്തവം മനസ്സിലാകുന്നതാണ്. സ്റ്റൈഫൻറ് കൊടുക്കുന്ന വിഷയംതന്നെ നോക്കുകയാണെങ്കിൽ അതിന്റെ തുകയും വിതവും മറ്റും മൊത്തത്തിൽ തീരുമാനിയ്ക്കുന്നത് വിദ്യാഭ്യാസ മേലധ്യക്ഷനാണെന്നാണ് എനിയ്ക്ക തോന്നുന്നത്. ഇങ്ങനെ സ്റ്റൈഫൻറ് ഇത്ര യെന്ന തീരുമാനിച്ചു് അതു വിദ്യാഭ്യാസ മേലധ്യക്ഷൻ ഇൻസ്പെക്ടമാർ വഴിതാഴെയുള്ളവർക്ക് എത്തിച്ചുകൊടുക്കുന്നതിനു പകരം അദ്ദേഹം അധഃകൃതസംരക്ഷകനെ ഏല്പിയ്ക്കുന്നു. സംരക്ഷകൻ പിന്നീട് തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ വഴിയായി വിദ്യാർത്ഥികൾക്കു കൊടുക്കുന്നു. ഇപ്രകാരം പലരേയും ഏല്പിച്ചു് പല കൈമറിഞ്ഞുവരുന്നതുകൊണ്ടാണ് ഈ താമസം നേരിടുന്നത്. എന്നതന്നെയല്ല, അതുകിട്ടിയില്ലെങ്കിൽ വിദ്യാർത്ഥികൾ ആരോടാണ് ആവലാതി പറയേണ്ടത് എന്നും നിശ്ചയമില്ല. മുമ്പിലത്തെ രീതിയിലായിരുന്നുവെങ്കിൽ ഇതിനെക്കുറിച്ചു് വിദ്യാർത്ഥികൾക്കു അദ്ധ്യാപകന്മാരോടു ആവലാതി പറയുന്നതിനും, അദ്ധ്യാപകന്മാർക്ക് ഡയറക്ടരോടു് നേരിട്ടെഴുതിച്ചോദിയ്ക്കുന്നതിനും സാധിയ്ക്കും. ഇന്നത്തെ നിലയ്ക്ക് വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻറും മറ്റാനുകൂല്യങ്ങളും ഒന്നും താമസമായി കിട്ടുന്നില്ല എന്നുവന്നാൽ അദ്ധ്യാപകന്മാർ ആരോടാണപേക്ഷിയ്ക്കേണ്ടത്. അവർ ഡയറക്ടരുടെ കീഴിലായതുകൊണ്ട് അവർക്ക് അധഃകൃത സംരക്ഷകനമായി യാതൊരേർപ്പാടുകളുമില്ല. സംരക്ഷകന്റെ കീഴുദ്യോഗസ്ഥന്മാരോടും എഴുതിച്ചോദിയ്ക്കുവാനും അവർക്ക് നിവൃത്തിയില്ല. പിന്നെ പുസ്തകങ്ങൾ കൊടുക്കുന്നതിനും മറ്റും താമസം നേരിടുന്നു എന്നു പറയുന്നു. പുസ്തകങ്ങളുടെ ഇടപാടും ഇതുപോലെതന്നെ വിദ്യാഭ്യാസ മേലധ്യക്ഷൻ നേരിട്ടെടുക്കയാണെങ്കിൽ ഇങ്ങനെയുള്ള താമസം നേരിടാതിരിക്കത്തക്കവണ്ണം അദ്ദേഹത്തിനു വേണ്ട പരിഹാരങ്ങൾ വരുത്തുവാൻ സാധിയ്ക്കും. പുസ്തകങ്ങളും മറ്റും വിദ്യാലയങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനും അതു സംബന്ധിച്ചു പ്രസാധകന്മാരുമായി നേരിട്ടു എഴുത്തുകുത്തുകൾ നടത്തുന്നതിനും മുഴുതൽ സൌകര്യമുള്ളതു് വിദ്യാഭ്യാസ മേലധ്യക്ഷനാണ്. തൻമൂലം എന്തെങ്കിലും കാലതാമസം നേരിട്ടാൽ അതു് പരിഹരിച്ചു് ഉടനടി എന്തെങ്കിലും ചെയ്യേണ്ട മുമതല വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

ലധ്യക്ഷൻതന്നെ വഹിക്കുന്നതാണോ ഉത്തമം. അതല്ലാതെ അധഃകൃതസംരക്ഷകനെകൊണ്ടു് ഈ കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചു അദ്ധ്യാപകന്മാർക്കും ഈ വിഷയത്തിൽ ഒന്നുംചെയ്യാൻ സാധിക്കുന്നതല്ല. അവർക്കു വിദ്യാഭ്യാസമേലധ്യക്ഷൻവഴിക്കു മാത്രമേ അധഃകൃതസംരക്ഷകനുമായി എന്തെങ്കിലും എഴുത്തുകുത്തുചെയ്യുകൂടൂ. ഈ വിധം എഴുത്തുകുത്തുകൾ ചുറുചുറുക്കുള്ളവരുപോലും കാര്യങ്ങൾക്കു കാലതാമസം നേരിടാതെ നിവൃത്തിയില്ലെല്ലോ. അതുകൊണ്ടു്, സ്റ്റേഷനറി പുസ്തകം, വസ്ത്രം, ഭക്ഷണം അടിയായി വിദ്യാർത്ഥികളെ സംബന്ധിക്കുന്ന ആവശ്യകാര്യങ്ങൾ വിദ്യാഭ്യാസ മേലധ്യക്ഷൻതന്നെ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റുവഴിക്കു എത്തിച്ചുകൊടുക്കുന്നതാണു് കൂടുതൽ കാര്യക്ഷമമായിട്ടുള്ളതു്. അധഃകൃതസംരക്ഷകന്റെ സദുദ്ദേശത്തിന്റെ കുറവുകൊണ്ടോ മനഃപൂർവ്വംകൊണ്ടോ അല്ല ഇപ്പോഴത്തെ താമസം നേരിടുന്നതു്. ഉദ്ദേശ ഇപ്പോഴത്തെ സംഘടനയുടെ പ്രതിഫലമായാണോ, അതുകിൽ അധഃകൃതവിദ്യാലയങ്ങളിലേക്കുള്ള ആവശ്യകാര്യങ്ങൾ വിദ്യാഭ്യാസ മേലധ്യക്ഷൻ നേരിട്ടുചെയ്തുകൊടുക്കണം; അല്ലാത പക്ഷം അധഃകൃതവിദ്യാലയങ്ങളുടേയും അതിലെ അദ്ധ്യാപകന്മാരുടേയും നേരിട്ടുള്ള ഭരണം അധഃകൃതസംരക്ഷകന്റെ കീഴിലാക്കണം. അതിലേതെങ്കിലുമൊന്നുചെയ്യാൽ കാര്യങ്ങൾക്കെല്ലാം തെറ്റുവിധം ശരിയായ നടപ്പുണ്ടാകും. പുതുവൽ പതിക്കുക, കാലനിർണയം സ്ഥാപിക്കുക, ഭജനമഠങ്ങൾ എടുപ്പിടുവിക്കുക അടിയായവയെ ഈ പ്രമേയം സ്പർശിക്കുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ—പുതുവൽ പതിച്ചു കൊടുക്കുന്നതു റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നല്ലേ?

മിസ്റ്റർ ജോസഫ് പെട്ട.—ഇപ്പോഴും റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നുതന്നെയാണു് പതിച്ചു കൊടുത്തുവരുന്നതു്. അതിനാവേണ്ട ശുപാർശകൾ അധഃകൃതസംരക്ഷകൻ ചെയ്യുമെന്നുവരാം.

ഡെപ്യൂട്ടി പ്രസിഡെണ്ടു്.—ഈ പ്രമേയം സ്കൂൾ കുട്ടികളുടെ കാര്യത്തെ സംബന്ധിച്ചുള്ളതാണു്. പുതുവൽ പതിച്ചുകൊടുക്കുന്നകാര്യത്തെപറ്റി ഒന്നും ഇതിൽ പറഞ്ഞിട്ടില്ല. അതുകൊണ്ടു മറ്റുള്ളതിനെകുറിച്ചു് ഇവിടെ പറയേണ്ട കാര്യമില്ല

മിസ്റ്റർ ജോസഫ് പെട്ട.—സ്കൂൾ കുട്ടികളെ സംബന്ധിച്ചിടത്തോളം അവരുടെ നേരിട്ടുള്ള മേധാവികൾ അദ്ധ്യാപകന്മാരും ആ അദ്ധ്യാപകന്മാർ വിദ്യാഭ്യാസ മേലധ്യക്ഷന്റെ കീഴിലുമായതുകൊണ്ടു് അവർക്കുള്ള ആവശ്യകാര്യങ്ങൾ വിദ്യാഭ്യാസമേലധ്യക്ഷൻ വഴിക്കു കൊടുക്കുന്നതായാൽ കുറെകൂടി കാര്യക്ഷമമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ഈ പ്രമേയത്തിൽ അധഃകൃതസംരക്ഷകനു ആക്ഷേപകരമായി യാതൊന്നുമില്ല. ഇപ്പോഴത്തെ വ്യ

LIBRARY ARCHIVES Kerala Legislative Assembly

വസ്ഥയുടെ ന്യൂനതയാണ് കാലതാമസത്തിനു ഹേതുവായി തീരുന്നതു്. ആകയാൽ ഈ വ്യവസ്ഥ മാറി സ്കൂളുകളിലേക്കുള്ള ആനുകൂല്യങ്ങളെല്ലാം വിദ്യാഭ്യാസമേലധികാരിയുടെ മേൽനോട്ടത്തിൽ ചെയ്തുകൊടുക്കത്തക്കവണ്ണം വ്യവസ്ഥചെയ്യേണ്ടതാണ്. അതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ എം. കെ. രാമൻ.—ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. വിദ്യാർത്ഥികൾക്കു കൊടുക്കുന്ന പുസ്തകം, സ്ലേറ്റ്, മുണ്ടുകൾ ഈ വക സാമഗ്രികൾ ചിലപ്പോൾ കൺട്രാക്ടർമാർതന്നെ കൊടുക്കുന്നു എന്നു് വിദ്യാഭ്യാസ ഡയറക്ടർ അവർകൾ ഇവിടെ പറയുകയുണ്ടായി. എന്നാൽ ഇപ്രകാരം കൊടുക്കുന്ന സാധനങ്ങൾ ശരിയായി വിദ്യാർത്ഥികളുടെ കയ്യിൽ എത്തുന്നുണ്ടോ; ആ സാധനങ്ങൾ എന്തുവിലയുള്ളവയാണ്; നല്ലവയാണൊ എന്നുള്ള അന്വേഷണം ശരിയായി ചെയ്യുന്നുണ്ടൊ എന്നകാര്യം വളരെ വളരെ സംശയമാണ്. ഒന്നും അതിനെപ്പറ്റി ആക്ഷേപമില്ല. എന്നാൽ അവ കൂട്ടികൾക്കു കിട്ടുന്നതു വളരെ താമസിച്ചാണെന്നു് അധ്യക്ഷതമെമ്പർ ഇവിടെ പറയുകയുണ്ടായി. ഇതു പരമാർത്ഥമാണെന്നു മറ്റു ചിലരും സമ്മതിക്കുന്നു. ഈ കുട്ടികൾക്കു കൊടുത്തുവരുന്ന ഒരു മുണ്ടിനു് എട്ടണയാണ് വിലവച്ചിട്ടുള്ളത് എന്നു പറയുന്നു. ഒരിക്കൽ അധ്യക്ഷതമെമ്പർതന്നെ അവരിൽ ഒരു കുട്ടിക്കുകൊടുത്ത മുണ്ടു് ദിവാൻജിയുടെ അടുക്കൽകൊണ്ടുപോയി കാണിക്കുകയുണ്ടായി. അതിനു് എത്ര കൂടിയാലും രണ്ടണയെ വിലയുണ്ടായിരിക്കയുള്ളു. ആ മുണ്ടിനു് എന്തുവിലവരുമെന്നു് ദിവാൻജി അദ്ദേഹത്തിന്റെ കാൺഫിഡൻഷ്യൽ ക്ലാർക്കിനെ വിളിച്ചു ചോദിച്ചതിൽ അദ്ദേഹം ഇതിനു് ഒന്നരയണയെ വില വരികയുള്ളു എന്നാണു് പറഞ്ഞതു് മിസ്റ്റർ വള്ളോൻ രണ്ടണവിലയുണ്ടായിരിക്കുമെന്നു സമ്മതിച്ചു.

മിസ്റ്റർ കെ. അയ്യപ്പൻ.—ഒന്നരയണയെ ആ മുണ്ടിനു വിലയുള്ളു എന്നു് അദ്ദേഹത്തിനു നിശ്ചയമുണ്ടൊ?

എം. കെ. രാമൻ.—അതുമോശമാണ് സാധനം. നിശ്ചയമില്ലാതെകണ്ടു് അദ്ദേഹം പറയുമോ?

ജോജ്ജു ചാക്കാമുറി.—എട്ടണക്കു് എത്ര മുണ്ടാണെന്നറിയാമോ?

മിസ്റ്റർ എം. കെ. രാമൻ.—അറിയാം. ഒരു കുട്ടിക്കു് കൊല്ലത്തിൽ മുണ്ടിനു് ഫ കെ. യാണ്. ആറാറു മാസം കൂടുമ്പോൾ ഓരോ മുണ്ടു കൊടുക്കും. അങ്ങിനെ എട്ടണ വീതം വില. ഏതായാലും കിട്ടുന്ന സാധനങ്ങൾ വളരെ താമസിച്ചും മോശമായും കിട്ടുന്നു എന്നുള്ള പരാതി ഉണ്ടായിട്ടുള്ളതിന്റെ കാരണം അധ്യക്ഷൻമെമ്പർ പറഞ്ഞതുപോലെ മൂന്നുനാലു കൈ മാറി വരേണ്ടിയിരിക്കുന്നതുകൊണ്ടാണ്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു വഴിക്കു

LIBRARY ARCHIVES Kerala Legislative Assembly

ട്ടികൊണ്ട് ഈ വക സാധനങ്ങളും നിവേദനവും വേഗത്തിൽ കിട്ടത്തക്കവണ്ണമുള്ള ഏർപ്പാടു ചെയ്യണം. ഇങ്ങിനെ അപേക്ഷിക്കുന്നതുകൊണ്ട് അധികൃത ഡിപ്പാർട്ടുമെണ്ടിനേയൊ സംരക്ഷകനേയൊ ഒരിക്കലും അധിക്ഷേപിക്കുന്നതായിട്ടു വരികയില്ല. കാര്യങ്ങൾ എങ്ങിനെയെങ്കിലും ശരിയായിട്ടു നടക്കണം; സാധനങ്ങൾ എല്ലാം അവർക്കു ശരിയായിട്ടു കിട്ടണം; അതു് ഏറ്റവും എളുപ്പത്തിൽ കിട്ടണം. അതിലേക്കുവേണ്ടി ഗവർമ്മെണ്ടു് ചെയ്യുവാനുള്ള ഉത്തമമായ പ്രവൃത്തി എന്റെ അഭിപ്രായത്തിൽ തോന്നുന്നതു് ഈ സ്കൂളുകളെല്ലാം വിദ്യാഭ്യാസ മേലധ്യക്ഷന്റെ കീഴിലായതുകൊണ്ട് അവർക്കു കൊടുക്കുന്ന സാധനങ്ങളും വിദ്യാഭ്യാസ മേലധ്യക്ഷൻ വഴി കൊടുക്കത്തക്കവണ്ണമുള്ള ഏർപ്പാടുചെയ്യണമെന്നാണു്. അങ്ങിനെയാണെങ്കിൽ മൂന്നു നാലഞ്ചു കൈമറിയുന്നതുകൊണ്ട് ഇടയ്ക്കുണ്ടാകുന്ന പ്രതിബന്ധങ്ങളും ബുദ്ധിമുട്ടുകളും ഇല്ലാതെയാകും. അതുതന്നെയാണ് ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള തത്വം. ഇതു് ഗവർമ്മെണ്ടു് സ്വീകരിക്കണമെന്നാണു് എന്റെ അപേക്ഷ.

മിസ്റ്റർ സി. എ. ഔസേപ്പു്.—ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഈ സംഗതിയെ സംബന്ധിച്ചുതന്നെ കഴിഞ്ഞ ബഡ്ജറ്റു സെഷനിൽ ഒരു കട്ടുമോഷൻ അധികൃത പ്രതിനിധി കൊണ്ടുവരികയും, അതിനെ കാച്ചു് ഏതാണ്ടു് ദീർഘമായി ഈ സഭയിൽവച്ചു പയ്യാലോചിക്കയുമുണ്ടായി. അന്നുതന്നെ ഏതാണ്ടു് ഒരു താമസം ഈ കാര്യത്തിൽ വരുന്നുണ്ടെന്നു് ഗവർമ്മെണ്ടു് സമ്മതിച്ചിട്ടുണ്ടു്. അധികൃത ഡിപ്പാർട്ടുമെണ്ടിലേക്കു് ഈ വക സാധനങ്ങൾ എല്പിക്കേണ്ട മുതല വിദ്യാഭ്യാസ മേലധ്യക്ഷനിൽനിന്നും മാറ്റിയിട്ടു് അധികം കാലമായിട്ടില്ലെന്നു് അന്നുതന്നെ വകുപ്പധ്യക്ഷൻ ഈ കൌൺസിലിൽ പറയുകയുണ്ടായി. സ്ലേറു്, പുസ്തകം മുതലായവയെ കാച്ചാണു് ആക്ഷേപം. ഇതു് കൊല്ലത്തിൽ ഒന്നിലധികം പ്രാവശ്യം വിതരണം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതിനെ സംബന്ധിച്ചുള്ള ആക്ഷേപം ഈ കക്കടകത്തിനു ശേഷം കഴിഞ്ഞ ഒന്നരണ്ടു മാസങ്ങൾ കൊണ്ടെങ്കിലും തീർന്നിരിക്കണം. ഇടവ മാസത്തിലൊ മറ്റൊ ആണു് സ്കൂൾ തുറക്കുന്നതു്. ഇപ്പോൾ ഈ കൊല്ലത്തേക്കുള്ളതു് കിട്ടികഴിഞ്ഞിരിക്കണം. ആ സ്ഥിതിക്കു് സ്ലേറു് പുസ്തകം മുതലായതുകളെ സംബന്ധിച്ചു വീണ്ടും ഇത്തവണ ആക്ഷേപിക്കുന്നതിന്റെ കാരണമെന്താണെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അതു് ഇനിയത്തെ കൊല്ലത്തേക്കുള്ളതായിരിക്കും.

മിസ്റ്റർ സി. എ. ഔസേപ്പു്.—ഇനിയത്തെ കൊല്ലം സ്കൂൾ തുറക്കുന്നതു് ഇടവമാസത്തിലൊ മറ്റൊ ആണു്. അപ്പോൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപം ഉണ്ടാകുമോ എന്നുള്ള മുൻകൂട്ടി തീർച്ചയാക്കുവാൻ സാധിക്കുകയില്ല. ഇന്നായത്തെ കൊല്ലത്തേക്കു ഇപ്പോൾ ആക്ഷേപം കൊണ്ടുവരുന്നതിന്റെ ഉദ്ദേശം എന്നായിട്ടു മനസ്സിലാകുന്നില്ല. അന്നത്തന്നെ ഞാൻ ഗവർമ്മെണ്ടിനോടു് ഒരു ചോദ്യം ചോദിച്ചിട്ടുണ്ടായിരുന്നു. അതായതു് ഈ പുസ്തകങ്ങളും മറ്റും വിതരണം ചെയ്യുവാൻ എന്തെങ്കിലും മെഷിനറി ഉണ്ടാക്കീട്ടുണ്ടോ എന്നുള്ളതാണു്. അതിനു് അങ്ങിനെയൊന്നുമില്ല എന്നു പറയുകയുണ്ടായി. ഫ്രഞ്ചു കൊച്ചിൻ ഗവ-ാംശ-ലത്തെ റിപ്പോർട്ടിൽ ഒന്നു-ാം വർഷം മുതൽ ഈ സംഗതിയെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതാണു്. അതിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽനിന്നും ഇതു മാറ്റിയിട്ടു് അധികം കാലമായിട്ടില്ലെന്നും, പുസ്തകം സ്റ്റോറു് മുതലായവയെല്ലാം വിതരണം ചെയ്യുന്നതിനു് ആവശ്യമായ സൌകര്യങ്ങളും അധികൃത സംരക്ഷകനും ഉണ്ടാക്കികൊടുത്തിട്ടില്ലെന്നും പറഞ്ഞു. അധികൃത സംരക്ഷകനെപ്പറ്റിയുള്ള ആക്ഷേപങ്ങളെല്ലാം അന്നേ ഇവിടെ പിറഞ്ഞു കഴിഞ്ഞിരിക്കുന്നു. പിന്നീടു് രണ്ടാമതും അദ്ദേഹത്തെ കുറ്റപ്പെടുത്തത്തക്കവണ്ണം ഇപ്പോൾ യാതൊന്നും ഉണ്ടായിട്ടില്ല. മേലാൽ താമസം വരാതിരിക്കുവാനുള്ള ഒരു ഏർപ്പാടു് ചെയ്യുന്നതാണെന്നായിരുന്നുവെങ്കിൽ ഈ പ്രമേയത്തെക്കുറിച്ചു് ആക്ഷേപാഭിപ്രായ വ്യത്യാസം ഉണ്ടാകയില്ലായിരുന്നു. അധികൃത സംരക്ഷകൻ തന്റെ ജോലി ശരിയായി ചെയ്യുന്നില്ലെന്നു മുൻകൂട്ടി കണ്ണടച്ചുകൊണ്ടു് പറയുന്നതു് അദ്ദേഹത്തിന്റെ ചുമതലയെപ്പറ്റി ശരിയായ അറിവില്ലാഞ്ഞിട്ടാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—സ്റ്റെപ്പണ്ടു് ഇപ്പോഴും ശരിയായി കിട്ടിവരുന്നുണ്ടോ എന്നറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്—ഞാൻ മറുപടി പറയാം. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിൽനിന്നു് അധികൃത സംരക്ഷകന്റെ പക്കൽ എപ്പോഴാണു് ഈ സംഖ്യകൾ കിട്ടുന്നതു്; എപ്പോഴാണു് പുസ്തകങ്ങൾ, സ്റ്റോറു് മുതലായതു് എത്തിയ്ക്കുന്നതു്; അങ്ങിനെ വല്ല താമസത്തിനും ഇട വരുന്നുണ്ടോ; ഇതൊന്നും അന്വേഷിയ്ക്കാതെ ഇതു് അധികൃത ഡിപ്പാർട്ടുമെണ്ടിൽ നിന്നും മാറ്റിത്തരണമെന്നു പറയുന്നതു് അപകടകരമായിട്ടുള്ളതാണു്. ഒരു നിശ്ചിത വ്യവസ്ഥയിലിരിയ്ക്കുന്ന ഡിപ്പാർട്ടുമെണ്ടിന്റെ സ്ഥിതിഗതികളെ മുഴുവൻ അറിയാതെ അതിനെപ്പറ്റി പെട്ടെന്നു് കുറ്റം പറയുന്നതു ശരിയല്ല. ആ ഡിപ്പാർട്ടുമെണ്ടുതന്നെ തുടങ്ങീട്ടു് അധികം കാലമായിട്ടില്ലാത്ത സ്ഥിതിയ്ക്കു് അതിനു് വളരുവാൻ ആവശ്യമായ സൌകര്യം ചെയ്തുകൊടുക്കുന്നതിനു മുമ്പുതന്നെ ആ ഡിപ്പാർട്ടുമെണ്ടിന്റെ ആവശ്യമില്ലെന്നു പറയുന്നതു് ന്യായമല്ല. ന്യായമായ നിലയിൽ ഈ ഡിപ്പാർട്ടുമെണ്ടിനു് വളരുവാനുള്ള സമയവും സൌകര്യവും അനുവദിച്ചുകൊടുത്തില്ലെങ്കിൽ വളരെ കഷ്ടമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ അധഃകൃത പ്രതിനിധിയോടും അദ്ദേഹത്തിന്റെ സമുദായത്തിൽപെട്ട ജനങ്ങളോടും അവരുടെ ഡിപ്രഷ്ടമെണ്ടിനോടും എനിയ്ക്ക് വളരെ അനുകമ്പയുണ്ട്. എന്നാൽ അധഃകൃത പ്രതിനിധി ഈ മാതിരിയുള്ള കാര്യങ്ങളിൽ നല്ലപോലെ ആലോചിയ്ക്കാതെ ആവശ്യമില്ലാത്തഓരോചില്ലറ സംഗതികളിൽ കടന്നു പിടിച്ചു. ഒരു പ്രമേയം അതിനുവേണ്ടി ഇവിടെ കൊണ്ടുവരുന്നതു തന്നെ തീരെ ഉചിതമല്ലെന്നാണ് എനിയ്ക്കു തോന്നുന്നത്. ഏതു ഡിപ്രഷ്ടമെണ്ടിനും ആരംഭത്തിൽതന്നെ വളച്ചുകെട്ടുണ്ടാകയില്ല. അവയെല്ലാംവളരുന്നതിനു കുറച്ചു സമയം വേണ്ടിവരും. ഗവർമ്മെണ്ടിൽ നിന്നും ഒരു ഡിപ്രഷ്ടമെണ്ടിലേയ്ക്കുവകയിച്ചിട്ടുള്ള സംഖ്യയുടേയും അതിലുള്ള സിൽബന്ധികളുടേയും എണ്ണം അനുസരിച്ചായിരിയ്ക്കും അതിനുള്ള വളച്ചുകെട്ടുണ്ടാകുന്നത്. ഇങ്ങനെ പലവിധത്തിലാണ് ഓരോ ഡിപ്രഷ്ടമെണ്ടുകളും നേരെയാകുന്നത്. അതിനുള്ള സമയവും സൌകര്യവും കൊടുക്കാതെ അധഃകൃത ഡിപ്രഷ്ടമെണ്ടിൽ നിന്നും നടത്തുന്ന ചുതലകളെ എടുത്തു മറൊരു ഡിപ്രഷ്ടമെണ്ടിലേയ്ക്കു കൊടുക്കണമെന്നു പറയുന്നതു ശരിയായിട്ടുള്ളതല്ല. അതിനാൽ ഞാൻ ഈപ്രമേയത്തെ എതിർക്കുന്നു.

മിസ്റ്റർ ടി. കെ. നായർ.—ഞാൻ ഈ പ്രമേയത്തെ ബലമായി അനുകൂലിക്കുന്നു. അതിനുള്ള പ്രധാനകാരണം അധഃകൃതഡിപ്രഷ്ടമെണ്ടിനെപറ്റി മറെറല്ലാവരേയുംകാൾ കൂടുതൽ പരിചയമുള്ള അധഃകൃതപ്രതിനിധിതന്നെ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ള ആ ഒരു ഒറക്കുരണം മാത്രമാണ്. ഇതിൽ അധഃകൃത ഡിപ്രഷ്ടമെണ്ടിനെ അധിക്ഷേപിച്ചോ അധഃകൃത സംരക്ഷകനെ അധിക്ഷേപിച്ചോ യാതൊന്നും പറഞ്ഞിട്ടുള്ളതായി കാണുന്നില്ല. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തെപ്പററി മാത്രം ആലോചിക്കുന്നതായാൽ അധഃകൃതവിദ്യാർത്ഥികൾക്ക് ഗവർമ്മെണ്ടിൽ നിന്നും ഇപ്പോൾ ചെയ്തുവരുന്ന എല്ലാവിധ സഹായസഹകരണങ്ങളും—സ്ലേറ്റ്, പുസ്തകം മുതലായവ കൊടുക്കുന്ന സമ്പ്രദായം—വിദ്യാഭ്യാസമേലധികാരിയുടെ കീഴിൽ ആക്കണമെന്നുള്ള അപേക്ഷയാണെന്നു കാണാം. അധഃകൃത വിദ്യാർത്ഥികൾ സ്കൂളിൽ പഠിക്കുന്ന കുട്ടികളായതുകൊണ്ട് അവരുടെയും അടുത്ത മേലധികാരി ഡയറക്ടർ തന്നെയാണ്. ആ സ്ഥിതിക്ക് അവർക്കു കൊടുത്തുവരുന്ന സ്റ്റൈപ്പൻറ്, പുസ്തകം, സ്ലേറ്റ്, മുണ്ട്, ഭക്ഷണം മുതലായതു ആ മേലധികാരിയുടെ കീഴിൽ തന്നെ കൊടുക്കണമെന്നു മാത്രമെ ഈ പ്രമേയത്തിൽ അവതാരകൻ ഉദ്ദേശിച്ചിട്ടുള്ളു എന്നാണ് എനിക്കു തോന്നുന്നത്. അതിന്റെ ഉള്ളിൽ കടന്നു നോക്കിയിട്ടും അതല്ലാതെ മറെറന്നും ഞാൻ കാണുന്നില്ല. പ്രമേയത്തിൽ അടങ്ങിയിരിക്കുന്നതു് ഏതാണെന്നു വച്ചാൽ ഒരു കുട്ടിക്കും പുസ്തകം

LIBRARY ARCHIVES Kerala Legislative Assembly

ശരിയായി കിട്ടുന്നില്ല; ഈ കൊല്ലവും സ്റ്റൈപ്പെൻറ് കിട്ടിയിട്ടില്ല; സ്കോറ് കിട്ടീട്ടില്ല; അതിനു് എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കണം എന്നുമാത്രമെ കാണുന്നുള്ളു. ധനു മകരമാസംവരെ സ്കോറ്, പുസ്തകം, ഇവയൊന്നും ശരിക്കു കിട്ടാതെ ഈ കുട്ടികൾ സ്കൂളിൽ പോയിട്ടു് എന്താണു് ചെയ്യുന്നതെന്നു് ഈശ്വരനു്തന്നെ അറിയാം. ആ ക്ലാസുകളിലെ മാസ്റ്റർമാർ കുട്ടികളെ എന്താണു പഠിപ്പിക്കുന്നതെന്നു് അവക്കുമറിയാം. ഈ സ്കൂൾ കുട്ടികൾക്കു് മറ്റു കുട്ടികളെപോലെതന്നെ സ്കൂൾ തുറക്കുമ്പോൾ സ്കോറും പുസ്തകങ്ങളും കിട്ടണമെന്നുണ്ടെങ്കിൽ അതു് ഈ ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷൻ വഴിക്കുതന്നെ കൊടുക്കുന്നതായാൽ കുറച്ചു് അധികം ഔസുകയ്യുമുണ്ടാകുമേന്നെ ഞാൻ ഇതിൽനിന്നും മനസ്സിലാക്കുന്നുള്ളു. പിന്നെ അധഃകൃതപ്രതിനിധി ഉദ്ദേശത്തോടു കൂടിയും വലിയ ആലോചനയൊന്നും ചെയ്യാതേയും ആണു് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതെന്നു് പറഞ്ഞ മെമ്പർമാരുടെ അഭിപ്രായത്തോടു യോജിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. അങ്ങിനെയാണെങ്കിൽ ഈ കൌൺസിലിൽ ഓരോമെമ്പർമാർ കൊണ്ടുവരുന്ന ഓരോ പ്രമേയങ്ങളും ഓരോ ഉദ്ദേശത്തോടു കൂടിയാണെന്നേ വരുന്നുള്ളു. വാസ്തവത്തിൽ ഈ കൊൺസിലിൽ കൊണ്ടുവരുന്ന ഒരു പ്രമേയവും ഒരു ഉദ്ദേശവുമില്ലാതെ ആരും കൊണ്ടുവരികയില്ല. അങ്ങിനെ ഒരുദ്ദേശവുമില്ലാതെ ഒരാൾ ഒരു പ്രമേയം കൊണ്ടുവന്നാൽ അതു് അയാളുടെ ഭ്രാന്താണെന്നേ ഞാൻ വിചാരിയ്യുന്നുള്ളു. അധഃകൃത പ്രതിനിധിക്കു് ഒരുദ്ദേശവുമില്ലെങ്കിൽ പ്രമേയം ഒന്നും ഇവിടെ കൊണ്ടുവരികയില്ല. ഇതിൽ അദ്ദേഹം അവശ്യപ്പെട്ടതു് വിദ്യാർത്ഥികൾക്കു സമയത്തിനു് പുസ്തകം കിട്ടണം, സ്കോറു കിട്ടണം, സ്റ്റൈപ്പൻറു മുതലായവയെല്ലാം കിട്ടണമെന്നുള്ളതാണു്. ഇതു് അദ്ദേഹത്തിന്റെ ഉദ്ദേശമാണെന്നു് ആരെങ്കിലും ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് തീരെ അബദ്ധമാണു്. പിന്നെ ഒരു സംശയം ഇവിടെ പറഞ്ഞിട്ടുണ്ടു്. അതു്, ആരാണു് ഈ പുസ്തകം, സ്കോറു് ഇവയെല്ലാം കൊടുക്കുന്നതു് എന്നു ചോദിക്കയുണ്ടായി. അതിനു് ഒരു ശരിയായ മറുപടി ഗവർമ്മെണ്ടിനു പോലും പറവാൻ സാധിച്ചിട്ടില്ല. വകുപ്പദ്ധ്യക്ഷൻ ഇവിടെ പറഞ്ഞതു് ചില സ്ഥലത്തു് അധഃകൃത സംരക്ഷകൻ കൊടുക്കുന്നു; ചിലസ്ഥലത്തു് കൺട്രാക്ടർമാർ മുഖാന്തിരം എത്തിച്ചു കൊടുക്കുന്ന ചില സ്ഥലങ്ങളിൽ സ്കൂൾമാസ്റ്റർമാർ മുഖാന്തിരം എത്തിച്ചു കൊടുക്കുന്നു; ചില സ്ഥലങ്ങളിൽ വകുപ്പദ്ധ്യക്ഷൻ തന്നെ നേരിട്ടു് എത്തിച്ചുകൊടുക്കുന്നു; ചില ദിക്കുകളിൽ ഇവയെല്ലാം ശരിക്കു കിട്ടുന്നുണ്ടെന്നുള്ളതിനെപ്പറ്റി യാതൊരന്വേഷണവുമില്ല എന്നൊക്കെയാണു്. ഇതുകൊണ്ടു തന്നെ ഗവർമ്മെണ്ടിനു പോലും ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ശരിയായ മറുപടി പറയാൻ സാധിച്ചിട്ടില്ല എന്നു തെളിയുന്നുണ്ട്. ഈ നിലയിൽ ഇവരുടെ കാര്യം ഒരനാഥമായ സ്ഥിതിയിലാണ് കിടക്കുന്നതെന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ പ്രമേയത്തിൽ പറയുന്ന സംഗതികളെ സംബന്ധിച്ചു ശരിയായ ഒരു മറുപടിയും ഗവർമ്മെണ്ടു് ഇവിടെ പറഞ്ഞു കാണുന്നില്ല. അങ്ങിനെയിരിക്കുമ്പോൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചു കാര്യങ്ങൾ അതായതു, പുസ്തകം മുതലായവ കൊടുക്കുന്നതു് ഈ കൊല്ലത്തേക്കുള്ളതു മതിയത്തെ കൊല്ലം കൊടുത്താൽ മതിയെന്നു പറഞ്ഞാൽ പുസ്തകമില്ലാതെ പഠിപ്പിക്കുന്ന രീതി വിദ്യാഭ്യാസ വകുപ്പധ്യക്ഷനു നിശ്ചയമുണ്ടെങ്കിൽ അതു ഞങ്ങളെക്കൂടെ ഒന്നു പറഞ്ഞു മനസ്സിലാക്കിയാൽ കൊള്ളാം. ഈ പ്രമേയത്തെ അനുകൂലിക്കുന്നതു കൊണ്ടു് ഒരു തരത്തിലും അധഃകൃത സംരക്ഷകനെ ആക്ഷേപിക്കുന്നതായിട്ടു വരുമെന്നോ അതുമല്ലേഹത്തിന്റെ പേരിൽ ഒരു സെൻസർഷിപ്പനായി തീരുമെന്നോ വിചാരിക്കുവാൻ യാതൊരു ന്യായവുമില്ല. ഇതുപോലെതന്നെ സാനിട്ടറി വകുപ്പിനെ മാറ്റി ഒരു പുതിയ വകുപ്പു വേണമെന്നു തീർച്ചയാക്കുകയും അതു നടപ്പിൽ വരുത്തുകയും ചെയ്യുകഴിഞ്ഞിട്ടുണ്ടു്. അങ്ങിനെ ചെയ്യുന്നതുകൊണ്ടു് അതു ചീഫ് മെഡിക്കൽ ആഫീസരുടെ ചുമതലയെ എടുത്തുകളഞ്ഞതായിട്ടോ അദ്ദേഹത്തെ അധിക്ഷേപിക്കുന്നതായിട്ടോ ഉള്ള അർത്ഥം വരുന്നില്ല. പഞ്ചായത്തിനുള്ള അധികാരം വേറൊരു വകുപ്പിന്റെ കീഴിലാക്കണമെന്നു് പറയുന്നുണ്ടു്. അതുപോലെ ഈ വിദ്യാർത്ഥികളുടെ ക്ഷേമത്തിനു വേണ്ടി വകുപ്പധ്യക്ഷന്റെ കീഴിലാക്കണമെന്നു അപേക്ഷിക്കുന്നുള്ളു. അതിനാൽ ഈ പ്രമേയത്തെ ഞാൻ ബലമായി പിന്താങ്ങുന്നു.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—അധഃകൃതസംരക്ഷകനെപ്പറ്റി ഇക്കൌൺസിലിൽ വളരെ നാളായി ആവലാതി കേട്ടുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ അന്തിക്കാട്ടു മെമ്പർ ഇവിടെ പറഞ്ഞതുപോലെ ഇതു് ഒരു നിസ്സാരമായ സംഗതിയെപ്പറ്റിയുള്ള പ്രമേയമല്ല ഒരിക്കൽ ഞാൻ ഇതിന്റെ യഥാർത്ഥ സംഗതികളെപ്പറ്റി അരനാട്ടുകര കാളനായിൽ ചെന്നന്വേഷിക്കുകയുണ്ടായി. ഞാൻ അവിടത്തെ സിക്രട്ടറിയുമായിട്ടു് ഇതിനെപ്പറ്റി പലതും സംസാരിച്ച കൂട്ടത്തിൽ അധഃകൃതസംരക്ഷകനിൽനിന്നു വല്ല ബുദ്ധിമുട്ടുകളും നേരിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ യഥാർത്ഥ സംഗതികളുടെ ഒരു ചുരുക്കം ഭാഗം മാത്രമെ അധഃകൃത പ്രതിനിധി ഇവിടെ പറയുന്നുള്ളുവെന്നാണു് അയാൾ പറഞ്ഞതു്. അത്രയോളം അഴിമതികൾ നടക്കുന്നുണ്ടത്രെ. എന്നാൽ ഇതിനെ എതിർക്കുന്ന മെമ്പർമാർ പരമാർത്ഥമറിയാതെ അധഃകൃതപ്രതിനിധിയെതിരാധരിക്കുന്നുണ്ടോ എന്നും എനിക്കു വലിയ സംശയമുണ്ടു്. ഈ അഴിമതികളൊന്നും ഗവർമ്മെണ്ടിനു

LIBRARY ARCHIVES Kerala Legislative Assembly

ഫൗണ്ടേക്കാണാവു കൊടുക്കാതിരിക്കയൊ ഫൗണ്ടേക്കാണാവു കൊടുത്തിട്ടും ശവമ്മെണ്ടു് അതിനെ പററി വേണ്ട നടപടി നടത്താതിരിക്കയൊ ചെയ്യുന്നതു കൊണ്ടാണു് പിന്നെയും പിന്നെയും ഇപ്രകാരം ഓരോ പ്രമേയങ്ങൾ കൊണ്ടുവരുവാനിടവരുന്നതു. അല്ലാത്തപക്ഷം ഒരു ഡിപ്പാർട്ടുമെണ്ടിലെ മേലധികാരിയെപ്പററി ഇത്രത്തോളം ആക്ഷേപങ്ങൾ നടക്കുന്ന സ്ഥിതിക്കു് അതിനെപ്പററി ശരിയായ അനേഷണം നടത്തി അയാളെക്കൊണ്ടു ഈ ഡിപ്പാർട്ടുമെണ്ടു് ഭരിക്കുവാൻ പ്രാപ്തിയുണ്ടെങ്കിൽ ഉടനെ എന്തെങ്കിലും പരിഹാരമുണ്ടാക്കിയിരുന്നെങ്കിൽ ഈ ആവലാതിക്കിടവരുമൊ? ഈ റസല്യൂഷനിൽ പറയുന്ന തത്വങ്ങളോടു പൂർണ്ണമായി യോജിക്കുവാൻ എനിക്കു മനസ്സു വരുന്നില്ല. മുമ്പു ഇതു് അധീകൃത ഡിപ്പാർട്ടുമെണ്ടും വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിന്റെ കീഴിലായിരുന്നു. അതുകൊണ്ടു പല ബുദ്ധിമുട്ടുകളും ഉണ്ടായിട്ടുള്ളതു കൊണ്ടാണു് ഇങ്ങിനെ ഇതിലേക്കു് വേറെ ഒരു ഡിപ്പാർട്ടുമെണ്ടു് തന്നെ വച്ചതു്. സ്കൂൾകുട്ടികൾക്കു സ്ലേറു്, പുസ്തകം, മുണ്ടു്, പണം മുതലായവ വിദ്യാഭ്യാസ മേലധ്യക്ഷൻ തന്നെ കൊടുക്കണമെന്നു പറഞ്ഞാൽ ഇതിനു് ഒരു പരിഹാരമായി തീരുമെന്നു തോന്നുന്നില്ല. മാസ്റ്റർമാർ കുട്ടികളെ ശരിയായി പഠിപ്പിക്കുന്നുണ്ടൊ; കുട്ടികൾ നല്ലപോലെ പഠിയ്ക്കുന്നുണ്ടോ എന്നു നോക്കേണ്ട ഭാരം മാത്രമേ വിദ്യാഭ്യാസ മേലധ്യക്ഷനുള്ളു. പുസ്തകം, സ്ലേറു് മുതലായവയെല്ലാം സമയത്തിനു് കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് അതിലേയ്ക്കു ഒരു ഡിപ്പാർട്ടുമെണ്ടു് എപ്പെട്ടതി ആളെ നിയമിച്ചു രംബളവും കൊടുത്തു വരുന്നതു്. അങ്ങിനെയിരിയ്ക്കെ അയാളെക്കൊണ്ടു് അതു് ശരിയായി നടത്തുവാൻ സാധിയ്ക്കുന്നില്ലെന്നു കണ്ടാൽ വെറുതെ ഒരാൾക്കു് രംബളം കൊടുക്കുന്നതിനുവേണ്ടി മാത്രം ഇങ്ങനെ ഒരു ഡിപ്പാർട്ടുമെണ്ടിന്റെ ആവശ്യം തന്നെയില്ല. ബുദ്ധിമുട്ടുന്നതിനു് വിദ്യാഭ്യാസ മേലധ്യക്ഷനും രംബളം വാങ്ങുന്നതിനുമാത്രം വേറൊരാളും ആവശ്യമില്ലാത്തതാണു്. രംബളം വാങ്ങുന്ന ആളെക്കൊണ്ടുതന്നെ ആ ജോലി നടത്തിയ്ക്കുന്നതിനു പകരം ആ വക ചുമതലകൾകൂടി വിദ്യാഭ്യാസ മേലധ്യക്ഷനെ ഏല്പിക്കുകയാണെങ്കിൽ ഈ അധീകൃത ഡിപ്പാർട്ടുമെണ്ടിനെ എടുത്തുകളയേണ്ടതല്ലെ എന്നാണു് ഞാൻ ചോദിയ്ക്കുന്നതു്. പുതുവൽ പതിയ്ക്കുന്ന ജോലിയെല്ലാം റവന്യൂ ഡിപ്പാർട്ടുമെണ്ടുകാർക്കും സ്ലേറു്, പുസ്തകം മുതലായവ കൊടുക്കുന്ന ജോലി വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടുകാർക്കും വീതിച്ചു കൊടുത്താൽ ജോലിയൊന്നുമില്ലാതെ വെറുതെ ഒരാൾക്കു് രംബളം കൊടുക്കുന്നതിനുവേണ്ടി മാത്രം ഒരു ഡിപ്പാർട്ടുമെണ്ടു് ആവശ്യമില്ല. രംബളം കൊടുത്തു വച്ചിട്ടുള്ള ആളെക്കൊണ്ടു് ഈ ജോലികൾ ചെയ്യാനുള്ള പ്രാപ്തിയില്ലെന്നു കണ്ടാൽ അതിനെപ്പററി തരുതരവമായ നട

LIBRARY ARCHIVES Kerala Legislative Assembly

പടി നടത്തി അയാളെ പിരിച്ചുവിട്ടു, പ്രാപ്തിയുള്ള ഒരാളെ വയ്ക്കുകയാണു വേണ്ടതു്. ഇതിനു് ശരിയായ ഒരു പരിഹാരം ഉടനെ ചെയ്യാത്തപക്ഷം അനാവശ്യമായ ചിലവുകൾക്കും ബുദ്ധിമുട്ടുകൾക്കും കാരണമായേയ്ക്കാം. അതിനാൽ ഞാൻ ഈ റസല്യൂഷനോടു യോജിയ്ക്കുന്നില്ല; ഇതിനെക്കുറിച്ചു പറഞ്ഞ അഭിപ്രായങ്ങളോടു ഞാൻ പൂർണ്ണമായി യോജിയ്ക്കുന്നു.

മിസ്റ്റർ പി. സി. വക്കീൽ.—എനിയ്ക്കു വിദ്യാഭ്യാസ ഡയരക്ടരോടു് ഒരു വിവരം ചോദിച്ചറിവാനുണ്ടു്. പാഠപുസ്തകങ്ങൾ നിശ്ചയിച്ച വിവരത്തിനുള്ള ഗവമ്മെണ്ടു കല്പന ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതു് സ്കൂൾ തുറന്നതിനുശേഷമോ അതിനു് മുമ്പോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ ഐ. എൻ. മേനോൻ.—പുസ്തകങ്ങളെല്ലാം അച്ചടിക്കഴിഞ്ഞു പുറത്തുവന്നതിനുശേഷമാണു് പബ്ലിഷ് ചെയ്യുന്നതു്. പുസ്തകങ്ങൾ അച്ചടിതീർന്നു കിട്ടുന്നതുതന്നെ കുറെ വൈകിയാണു്.

മിസ്റ്റർ പി. സി. വക്കീൽ.—സ്കൂൾ തുറന്നതിനുശേഷമാണോ പാഠപുസ്തകങ്ങളെപറ്റിയുള്ള കല്പന പ്രസിദ്ധപ്പെടുത്തിയതു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—അതെ അയിരിയ്ക്കണം.

മിസ്റ്റർ പി. സി. വക്കീൽ.—പുസ്തകങ്ങൾ മുതലായവ അധഃകൃത വിദ്യാർത്ഥികൾക്കു് വളരെ താമസിച്ചു കിട്ടുന്നു എന്നുള്ളതു് ശരിയാണു്. എന്റെ അറിവിൽ പെട്ടിടത്തോളം അതിനുള്ള കാരണം പാഠപുസ്തകങ്ങൾ നിർണ്ണയിച്ചു ഗസറ്റിൽ പ്രസിദ്ധം ചെയ്യുന്നതിൽ നേരിടുന്ന താമസമാണു്. കല്പന കിട്ടിയതിനുശേഷമേ പ്രസാധകന്മാർ പാഠപുസ്തകങ്ങൾ അച്ചടിപ്പിയ്ക്കയുള്ളു. ഇപ്പോഴുണ്ടെത്തെ ചില പാഠപുസ്തകങ്ങളുടെ അച്ചടി സ്കൂൾ തുറന്നതിനുശേഷമാണു് ആരംഭിച്ചതെന്നു് എനിയ്ക്കു നേരിട്ടറിയാം. ഈ സ്ഥിതിയ്ക്കു അധഃകൃത സംരക്ഷകന്റെ വീഴ്ചകൊണ്ടാണു് പുസ്തകങ്ങൾ വിതരണം ചെയ്യുവാൻ താമസം വന്നതെന്നുള്ള ആക്ഷേപം നിലനില്ക്കുന്നതാണെന്നു തോന്നുന്നില്ല. അധഃകൃത ഡിപ്രസ്സ്ഡ്മെണ്ടിനെപ്പറ്റി ഇതിനുമുമ്പും ആക്ഷേപങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. ആ ആക്ഷേപങ്ങളെപ്പറ്റി ഗവമ്മെണ്ടിൽനിന്നും അന്വേഷിച്ചിട്ടുണ്ടോ എന്നും അതിനു് അധഃകൃത സംരക്ഷകൻ എന്തെങ്കിലും സമാധാനം തന്നിട്ടുണ്ടോ എന്നും, ആ സമാധാനം തൃപ്തികരമാണോ എന്നും ഗവമ്മെണ്ടു ഭാഗത്തുനിന്നും പറഞ്ഞു കേട്ടാൽ കൊള്ളാം. കഴിഞ്ഞ ബഡ്ജറ്റു് സെഷനിലും ഇതിനെ സംബന്ധിച്ചു ആക്ഷേപങ്ങളുണ്ടായിരുന്നുവല്ലോ. അതിനുശേഷം ഗവമ്മെണ്ടു വല്ല അന്വേഷണവും ചെയ്തിട്ടുണ്ടോ? അധഃകൃത സംരക്ഷകൻ തൃപ്തികരമായ മറുപടി ഗവമ്മെണ്ടിനു നല്കീട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ. 'വാർഡേഴ്സിനെ അപ്പായിൻറ് ചെയ്യുന്ന കാര്യത്തെക്കുറിച്ചാണ് കഴിഞ്ഞ ബഡ്ജറ്റ് സെഷനിൽ ആക്ഷേപങ്ങൾ വന്നിട്ടുള്ളത്. അതിനെപ്പറ്റി പ്രൊട്ടക്റ്റർക്ക് എഴുതി അയച്ചിരുന്നു. അതിന് തൃപ്തിയായ മറുപടികൾ പ്രൊട്ടക്റ്ററിൽനിന്നും കിട്ടുകയും ചെയ്തിട്ടുണ്ട്.

മിസ്റ്റർ പി. സി. വക്കീൽ—അധഃകൃതർക്കു വേണ്ടി ഒരു പ്രത്യേക വകുപ്പ് ഏർപ്പെടുത്തിയതിനുശേഷം അതിന്റെ പ്രവൃത്തികൾ വേറെ ഒരു ഡിപ്പാർട്ട്മെണ്ടിനെ ഏല്പിച്ചുകൊടുക്കണമെന്നു പറയുന്നതു് യുക്തിഹീനമായിട്ടുള്ളതാണ്. അനുകമ്പയോടും സഹതാപത്തോടുംകൂടി അധഃകൃതർക്കുവേണ്ടിയുള്ള പ്രവൃത്തികൾ നടത്തുവാനായിട്ടാണ് ഇങ്ങിനെ ഒരു പ്രത്യേക വകുപ്പ് ഗവർമ്മെണ്ടിൽനിന്നും ഏർപ്പെടുത്തിയിരിയ്ക്കുന്നതു്. അധഃകൃത സംരക്ഷകനെ കുറിച്ചു് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഗവർമ്മെണ്ടിൽനിന്നും അതിനെപ്പറ്റി വേണ്ട അന്വേഷണങ്ങൾ നടത്തണം. തെറ്റുകണ്ടാൽ ഉടനെ സംരക്ഷകനെ താക്കീതു ചെയ്യുകയോ ശരിപ്പെടുത്തണം. താക്കീതു ചെയ്തിട്ടും കാര്യങ്ങൾ തൃപ്തികരമായി നടക്കുന്നില്ലെന്നു കണ്ടാൽ ഇപ്പോഴത്തെ സംരക്ഷകനെ മാറ്റി അധഃകൃതരോടു കൂറുള്ളതും അനുകമ്പയും സഹതാപവുമുള്ള വേറൊരു ഉദ്യോഗസ്ഥനെ തൽസ്ഥാനത്തു നിയമിയ്ക്കുകയാണ് ചെയ്യേണ്ടതു്. അധഃകൃത വകുപ്പിൽനിന്നും വിദ്യാർത്ഥികൾക്കു് പുസ്തകങ്ങളും മറ്റും താമസിച്ചു എത്തിയ്ക്കുന്നുവെന്നുള്ള കാരണം പറഞ്ഞു് അതിന്റെ കൃത്യങ്ങൾ ഓരോന്നായി മറ്റൊരു വകുപ്പിനു് വിട്ടുകൊടുക്കുന്നതു് ന്യായമല്ല. വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടിന്റെ കീഴിൽ ഈ വക കാര്യങ്ങൾ നടന്നിരുന്നപ്പോൾ പുസ്തകങ്ങൾ, സ്ലേറ്റുകൾ മുതലായവ കൊടുക്കുന്നതിനു് താമസം നേരിട്ടിട്ടുള്ളതായി കേട്ടിരുന്നു. അതു് ആ വകുപ്പുകാരുടെ കുറ്റംകൊണ്ടാണെന്നു പറയുവാൻ നിവൃത്തിയില്ല. അതു് വലിയ ഒരു വകുപ്പാണ്. അതുകൊണ്ടു് ഈ കാര്യങ്ങൾകൂടി അതിന്റെ കീഴിൽ നടക്കുമ്പോൾ കുറെ വീഴ്ചകൾ ഉണ്ടാകാം. അതു് പരിഹരിയ്ക്കുവാനാണ് അധഃകൃത വകുപ്പു് പ്രത്യേകമായി ഏർപ്പെടുത്തിട്ടുള്ളതു്. അതിനുശേഷം വീണ്ടും അതിന്റെ ചുമതലകൾ, പ്രവൃത്തികൾ വിദ്യാഭ്യാസ വകുപ്പിലേക്കു ഏല്പിച്ചുകൊടുക്കണമെന്നു പറയുന്നതു് ന്യായമല്ലെന്നാണ് എനിയ്ക്കു തോന്നുന്നതു്. അതുകൊണ്ടു പുസ്തകങ്ങൾ, സ്ലേറ്റുകൾ മുതലായവ വിദ്യാർത്ഥികൾക്കു് കൊടുക്കുന്നതിനു താമസം വരുന്നുണ്ടെങ്കിൽ അതിനുള്ള കാരണം കണ്ടുപിടിച്ചു് അതിലേക്കു വേണ്ട പരിഹാരമുണ്ടാക്കുകയല്ലാതെ ഈ വകുപ്പു വേണ്ടെന്നു പറയുന്നതു ശരിയല്ല. പഞ്ചായത്തു വകുപ്പിലെ മരാമത്തു പണികൾക്കു താമസം നേരിടുന്നു എന്നു പറഞ്ഞുകൊണ്ടു അവയെ എഞ്ചിനീയർ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ട്മെണ്ടിലേയ്ക്ക് എടുത്താൽ പിന്നെ പഞ്ചായത്തു വകുപ്പ് ഏറ്റെടുത്തിയതുകൊണ്ടു എന്തു പ്രയോജനം? പുസ്തകം, സ്ലേറ്റു മുതലായതു കൊടുക്കുവാനുള്ള ചുമതല വീണ്ടും വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടിനെ ഏല്പിക്കുകയാണെങ്കിൽ ഇങ്ങനെ ഒരു പ്രത്യേക വകുപ്പ് ഏറ്റെടുത്തിയതിനു് യാതൊരർത്ഥവുമില്ലെന്നാണു് ഞാൻ പറയുന്നതു്. അകയാൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

Dr. A. R. Menon.—I am also against the abolition of the department because it occupies a wing of the Anappara buildings.

Deputy President.—The question before the House is not about Anappara buildings. The Hon'ble Member will confine his remarks to the resolution.

Dr. A. R. Menon.—Yes, Sir. But some Hon'ble Member was speaking about the abolition of the Department.

Deputy President.—May I draw the attention of the Hon'ble Member to sit down when the President is speaking? Hon'ble Member should confine his remarks to the point involved in the resolution.

Dr. A. R. Menon.—That is not the rule of debate.

Deputy President.—May I draw the attention of the Hon'ble Member that the ruling of the President is not to be questioned?

Dr. A. R. Menon.—Yes, Sir. But I am trying to draw the attention of the Government, with due deference to you, Sir, that the ruling does not seem to be a proper ruling in the sense that the rules of debate are violated. I do not wish to say anything further.

മിസ്റ്റർ കെ. ടി. മാത്യു.—സർ, കഴിഞ്ഞ ബഡ്ജറ്റ് സെഷനിൽ ഈ ഡിപ്പാർട്ട്മെണ്ടിനെപ്പറ്റി നടന്ന വാദപ്രതിവാദങ്ങളും പ്രസംഗങ്ങളിലും നിയമസഭാരിപ്പോർട്ടുകളിലും ഞാൻ വായിച്ചിട്ടുണ്ടായി. അതിൽനിന്നു ഈ വിഷയത്തിൽ രണ്ടു് അഭിപ്രായമുള്ളതായിട്ടാണു് ഞാൻ മനസ്സിലാക്കിയതു്. ചില മെമ്പർമാർക്കു് അധഃകൃതസംരക്ഷകനെ വേണ്ടെവിധത്തിൽ ഉപദേശിച്ചു് ആ ഡിപ്പാർട്ട്മെണ്ടിനെ രക്ഷിച്ചുകൊണ്ടുപോകണമെന്നും, മറ്റു ചിലർക്കു് സംരക്ഷകനെ ആ സ്ഥാനത്തുനിന്നും ഓടിക്കണമെന്നും അഭിപ്രായമുള്ളതായി എനിക്കു തോന്നി. ആ യോഗത്തിനു ശേഷം ഈ വിഷയത്തിൽ ഗവർമ്മെണ്ടു എന്തു ചെയ്തിരിക്കുന്നു എന്നു അറിയേണ്ടതു അത്യന്തം ആവശ്യമാണു്. എന്നാൽ ഗവർമ്മെണ്ടു അധഃകൃതസംരക്ഷകന്റെ അടുക്കൽനിന്നു് ഗവർമ്മെണ്ടിനു് തൃപ്തിയായ മറുപടി കിട്ടിയെന്നല്ലാതെ കൂടുതലായി യാതൊന്നും പറയുന്നില്ല. ഗവർമ്മെണ്ടിനു കിട്ടിയ എല്ലാ വിവരങ്ങളും ഈ സഭയെ അറിയിച്ചിരുന്നാൽവളരെ നന്നായിരിക്കുമായിരുന്നു. ഗവർമ്മെണ്ടു ഏതൊരു ഉദ്യോഗസ്ഥന്റെ തെറ്റിനെപ്പറ്റിയും ഈ സഭക്കു് അറിവുകൊടുക്കുമ്പോൾ സാധാരണയായി, അതിൽ കുറെ ക

LIBRARY ARCHIVES Kerala Legislative Assembly

ളിച്ചുവയ്ക്കുവാൻ ശ്രമിയ്ക്കുന്നതായിട്ടാണു് കാണുന്നതു്. ഇതു് ഒരിക്കലും ശരിയായ നയമല്ല.

Deputy President.—You should confine your remarks to the resolution.

മിസ്റ്റർ ജോസഫ് പേട്ട.—ഈ റസല്യൂഷനെപ്പറ്റി സംസാരിക്കുമ്പോൾ അതിനോടു ബന്ധപ്പെട്ടതായ മറ്റു സംഗതികൾ കൂടി പറയുവാനുള്ള സൌകര്യം കിട്ടേണ്ടതാണു്.

ഡെപ്യൂട്ടി പ്രസിഡെണ്ട്.—ഇതിൽ വിദ്യാർത്ഥികളുടെ കാര്യം മാത്രമെ പറഞ്ഞിട്ടുള്ളു.

മിസ്റ്റർ കെ എം. ഇബ്രാഹിം.—ഇതിന്റെ ചുമതലകൾ വേണ്ട ആളെ ഏല്പിക്കണമെന്നു് പറയുമ്പോൾ അതിനാവശ്യമായ മറ്റു കാര്യങ്ങളും ഡിസ്കഷനായിട്ടു് ഈ വിഷയത്തിൽ വരികയില്ലേ?

ഡെപ്യൂട്ടി പ്രസിഡെണ്ട്.—അതൊന്നും ഈ പ്രമേയത്തിലല്ല. ഇതിൽ വിദ്യാർത്ഥികൾക്കു സ്റ്റൈഫൻറു കൊടുക്കുന്ന കാര്യത്തെപ്പറ്റി മാത്രമെ പറയുന്നുള്ളു. അതിനെക്കുറിച്ചു് ഏതെങ്കിലും പറയാനുള്ളതു് പറയുകയല്ലാതെ മറ്റൊന്നും ഇതിൽ പറയാൻപാടില്ല.

മിസ്റ്റർ കെ. ടി. മാത്യു.—അധികൃതർക്കുവേണ്ടി ഒരു ഡിപ്പാർട്ടുമെണ്ടു് ഉണ്ടാക്കി അതിന്റെ ഭരണം ഒരു സംരക്ഷകനെ ഗവർമ്മെണ്ടിൽ നിന്നും ഏല്പിച്ചിരിക്കുമ്പോൾ അതിലെ ജോലികൾ സംരക്ഷകൻ ശരിയായി ചെയ്യുന്നില്ലെങ്കിൽ അദ്ദേഹത്തെക്കൊണ്ടു അവ ശരിയായി ചെയ്യിക്കേണ്ടതു ഗവർമ്മെണ്ടിന്റെ കടമയാകുന്നു. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ തന്നെ ഏല്പിച്ചിട്ടുള്ള ജോലികൾ ശരിയായി ചെയ്യുന്നില്ലെന്നുള്ള അറിവു് ഈ സഭ അറിയിക്കുകയൊ, ഗവർമ്മെണ്ടിന്റെ നേരിട്ടുള്ള ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കുകയൊ ചെയ്യുകയാണെങ്കിൽ ആ ഉദ്യോഗസ്ഥനെക്കൊണ്ടു തന്നെ ശരിയാംവണ്ണം ചെയ്യിക്കുവാനാണു് നോക്കേണ്ടതു്. അങ്ങിനെ ചെയ്യാതെ ഒരു ഉദ്യോഗസ്ഥൻ തന്റെ ജോലി ശരിയായി ചെയ്യുന്നില്ല എന്നുള്ള കാരണത്തിന്മേൽ അദ്ദേഹത്തിന്റെ ജോലികൾ മറ്റൊരു ഉദ്യോഗസ്ഥനെ ഏല്പിച്ചുകൊടുക്കുന്നതു തീരെതെറ്റാണു്. അങ്ങിനെയാണെങ്കിൽ ജോലികളൊന്നുംചെയ്യാതെ ശമ്പളം വാങ്ങിക്കുന്ന ഒരു തരം ഉദ്യോഗസ്ഥന്മാരും ജോലികൾ കൂടുതലായി ചെയ്യുന്ന മറ്റൊരു വക ഉദ്യോഗസ്ഥന്മാരും ഉണ്ടായിരിക്കും. അങ്ങിനെയുണ്ടാകുവാൻ പാടില്ല. അതുകൊണ്ടു ഗവർമ്മെണ്ടു് ഈകാര്യത്തിൽ പ്രത്യേകമായിട്ടു് വേണ്ട നടപടികളും നടത്തി അധികൃത സംരക്ഷകനോടു് ഈ വക കാര്യങ്ങൾ ശരിയായി നടത്തുവാൻ ആവശ്യപ്പെടുകയും അദ്ദേഹം ശരിയായി ചെയ്യുന്നില്ലെന്നുകണ്ടാൽ അതിലേയ്ക്കു് വേണ്ടതരത്തിൽ നടപടിനടത്തി അദ്ദേഹത്തെ ശിക്ഷിയ്ക്കുകയുംചെയ്യേണ്ടതാണു്. ഇതു് ഒരു പുതിയ ഡിപ്പാർട്ടുമെണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ം. ഗവമ്മെണ്ടിനിന്ന ഈ പുതിയ ഡിപ്പാട്ട്മെണ്ടിലേയ്ക്കാവ
ശ്യമുള്ള സാമഗ്രികം എല്ലാം തക്കസമയത്തു കൊടുത്തിട്ടുണ്ടായിരി
യ്ക്കയില്ല. എന്നാൽ വേണ്ട സാമഗ്രികം കൃത്യസമയത്തു കിട്ടിയിട്ടി
ല്ലായിരുന്നുവെങ്കിൽ, അധഃകൃതസംരക്ഷകൻ ആ സംഗതിയെപ്പറ്റി
ഗവമ്മെണ്ടിലേയ്ക്കു റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നു. അങ്ങിനെ ചെ
യ്യാതിരുന്നതിനു വിശേഷാൽ കാരണമൊന്നുമില്ലെങ്കിൽ, അദ്ദേ
ഹം ഈ കാര്യത്തിൽ വേണ്ടേ തരത്തിൽ പ്രവൃത്തിച്ചിട്ടില്ലെന്നു സ
മ്മതിയ്ക്കാതെ തരമില്ല. പുസ്തകങ്ങളും, സ്ലേറും കൊടുക്കുന്നകാ
ര്യത്തിൽ താമസമുണ്ടാകുന്നുണ്ടെന്നുള്ള സംഗതി ഗവമ്മെണ്ടും ഈ
പ്രമേയത്തെ സംബന്ധിച്ച സംസാരിച്ച പല മെമ്പർമാരും സമ്മ
തിച്ചിട്ടുണ്ട്. ഇങ്ങിനെയുള്ള താമസത്തെപ്പറ്റി വേണ്ട അന്വേഷ
ണം ചെയ്യുന്നതിനുമാർഗ്ഗങ്ങൾ ഉണ്ടാക്കേണ്ടതു ഗവമ്മെണ്ടിന്റെ
പ്രധാനചുമതലയാണു്.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ഞാൻ ഈ പ്രമേയത്തെ എ
തിർക്കുന്നു. അധഃകൃതർക്കുവേണ്ടി ഗവമ്മെണ്ടിൽനിന്നും ഒരു ഡിപ്പാ
ർട്ട്മെണ്ടും ഏർപ്പെടുത്തി അതിലേയ്ക്കു ഒരു മേലദ്ധ്യക്ഷനെ നിയമി
ച്ചു് അദ്ദേഹത്തിന് നല്ലതായ ഒരു തുക ശമ്പളവും കൊടുത്തുവരു
ന്നുണ്ടു്. ആ നിലയ്ക്കു് അദ്ദേഹം ചെയ്യേണ്ടതായ ജോലികൾ വേ
റെ ഒരു ഡിപ്പാർട്ട്മെണ്ടു മേലദ്ധ്യക്ഷന്റെ കീഴിലാക്കി ആ മേല
ദ്ധ്യക്ഷനെക്കൊണ്ടു് ചെയ്യിച്ചാൽ കൊള്ളാമെന്നുള്ള പ്രമേയം ഇ
വിടെ പാസാക്കിയാൽ അധഃകൃത സംരക്ഷണ ഡിപ്പാർട്ട്മെണ്ടു്
ജോലിയൊന്നുമില്ലാതെ വെറുതെ ശമ്പളം മാത്രം വാങ്ങുവാൻ
വേണ്ടി വച്ചിട്ടുള്ള ഒന്നായി തീരും. അങ്ങനെ വെറുതെ ചില്ല
വിടുന്ന പണം അധഃകൃതർക്കു കൊടുത്താൽ തരക്കേടില്ല. വെറുതെ
അധഃകൃത സംരക്ഷകനു കൊടുക്കുന്നതുകൊണ്ടു് അധഃകൃതർക്കു യാ
തൊരു ഉപകാരവുമുണ്ടാകയില്ല. ആദ്യം ഇങ്ങനെയുള്ള കുറച്ചു ജോ
ലി വേറെ ഒരു ഡിപ്പാർട്ട്മെണ്ടിലേയ്ക്കു മാറ്റിയാൽ ബാക്കിയുള്ള
അല്പം ജോലികൂടി അപ്രകാരം എടുത്തുകളയുന്നപക്ഷം അധഃകൃത
സംരക്ഷകനു് അവസാനം ജോലിയൊന്നും ചെയ്യാതെ ശമ്പളം
വാങ്ങാമെന്നുള്ള നിലവരും. ഗവമ്മെണ്ടിൽനിന്നും ഒരു ജോലി
യിൽ ഒരാളെ നിയമിച്ചാൽ അയാൾ ആ ജോലി ശരിയായി ചെ
യ്യുന്നില്ലെങ്കിൽ അയാളെക്കൊണ്ടു് ചെയ്യിയ്ക്കേണ്ട ചുമതല ഗവ
മ്മെണ്ടിനുണ്ടു്. ഗവമ്മെണ്ടിൽനിന്നും അദ്ദേഹം ചെയ്യുന്ന ജോലി
യിൽ വല്ല വീഴ്ചകളും വരുന്നുണ്ടെന്നു കണ്ടാൽ അപ്പോൾതന്നെ അ
ദ്ദേഹത്തോടു് അതിനു തക്കതായ സമാധാനം എഴുതി ചോദിയ്ക്കേ
ണം. അങ്ങിനെ മേലാൽ വീഴ്ച വരുത്താതിരിയ്ക്കുത്തക്കവണ്ണം അ
യാളെക്കൊണ്ടു് ജോലി ചെയ്യിയ്ക്കേണ്ടതു് ഗവമ്മെൻറിന്റെ ചുമ
തലയാണു്. സംരക്ഷകൻ ചെയ്യേണ്ട ജോലികളെ എടുത്തു വേ
റെ ഒരു ആളെക്കൊണ്ടു് ചെയ്യിയ്ക്കുന്നതായാൽ പിന്നെ ജോലിയി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതെ ഒരാൾക്കു ശമ്പളം കൊടുക്കുവാനായിട്ടു മാത്രം അയാളെ വച്ചുകൊണ്ടിരിയ്ക്കേണ്ടതായ ആവശ്യമില്ല. കുട്ടികൾക്കുള്ള സ്ലേറ്റ്, പുസ്തകം മുതലായവയെല്ലാം വേറൊരാൾ കൊടുക്കട്ടെയെന്നു വന്നാൽ ഇവിടെ ചില മെമ്പർമാർ പറഞ്ഞതുപോലെ—മരാമത്തു വക ജോലി എഞ്ചിനീയർ ഡിപ്പാർട്ട്മെണ്ടിലേയ്ക്കുടുത്താൽ മരാമത്തു ജോലിയും എടുത്തുകളയാം. അങ്ങനെ എല്ലാ ജോലികളും ഓരോ ഡിപ്പാർട്ട്മെണ്ടിൽ ഏല്പിയ്ക്കാം. അവസാനത്തിൽ യാതൊരു ജോലിയും ഇല്ലാതെ കലാശിയ്ക്കും. അതായതു ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചിട്ടുള്ള ജോലികളെ അവരവർ ശരിയായി ചെയ്യുന്നില്ല എന്നു കണ്ടാൽ അവരെ ഉടനെ പരിച്ചയയ്ക്കുകയാണു വേണ്ടതു്. ഇപ്പോൾ ഗവമ്മെണ്ടു് അധീകൃത സംരക്ഷകനിൽനിന്നും "തൃപ്തികരമായ മറുപടി കിട്ടി" എന്നു പറഞ്ഞു കേട്ടതിൽനിന്നുതന്നെ തിച്ചയായും സംരക്ഷകൻ തന്റെ ജോലിയിൽ ഉദാസീനത കാണിയ്ക്കുന്നില്ലെന്നു മനസ്സിലാകുന്നുണ്ടു്. ഇങ്ങനെയുള്ള ചില താമസങ്ങളെല്ലാമുണ്ടാകുന്നതു് സംരക്ഷകന്റെ മറ്റു ജോലികൾക്കിടയിൽ ചില സംഗതിവശാൽ ഉണ്ടാകുന്ന കാലതാമസമാണെന്നാണു് ഞാൻ വിചാരിയ്ക്കുന്നതു്. തീച്ചയായും അദ്ദേഹത്തിനു് ഉദാസീനതയില്ലെന്നു വേണം അദ്ദേഹത്തിൽനിന്നും കിട്ടിയതായി ഗവമ്മെണ്ടു് പറയുന്ന മറുപടികൊണ്ടു് അനുമാനിയ്ക്കുവാൻ. അതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

രാമവമ്മതമ്പുരാൻ.—ഈ പുതിയ ഡിപ്പാർട്ട്മെണ്ടുണ്ടാക്കി അതിന്റെ കീഴിൽ ഈ വക ജോലികളെല്ലാം ഏല്പിച്ചതിന്റെശേഷം വിശേഷവിധിയായിട്ടു് യാതൊരു ന്യൂനതയും ഉണ്ടായിട്ടുള്ളതായി ഗവമ്മെണ്ടിനു് അറിവില്ല. വാർഡൻമാരുടേയും, സൂപ്രണ്ടുമാരുടേയും അപ്പീലായിൻറുമെൻറിനെപറ്റിയുള്ള തർക്കങ്ങൾ കഴിഞ്ഞ ബഡ്ജറ്റു് യോഗത്തിൽ നടന്നിട്ടുണ്ടായിരുന്നു. അതിനുശേഷം ആ ആക്ഷേപങ്ങളെപറ്റി ശരിയായി അന്വേഷിയ്ക്കുകയും, പ്രൊട്ടക്ടറർക്കു് എഴുതിയയച്ചതിൽ ശരിയായ മറുപടി തരികയും ചെയ്തിട്ടുണ്ടു്. അതിൽ ഇന്നയാളെ വയ്ക്കുന്നതിനു പകരം ഇന്നയാളെ വച്ചതിനു് കാരണം ഇന്നതാണെന്നെല്ലാം പ്രൊട്ടക്ടറർ പറഞ്ഞിട്ടുമുണ്ടു്. എന്നാൽ ഈ പുസ്തകം, സ്ലേറ്റു് മുതലായവ കൊടുക്കുന്നതിനെ സംബന്ധിച്ചു് ഒന്നോ രണ്ടോ പെറ്റീഷൻ ഉണ്ടായിരുന്നുവെന്നാണു് ഓർമ്മ. അതിനെപറ്റി "എൻക്വയറി" ചെയ്തതിൽ അതു് താമസിയ്ക്കുന്നതിനുള്ള കാരണം പ്രസ്സിൽനിന്നും പുസ്തകം അച്ചടിച്ചു കിട്ടുന്നതിനുള്ള "ഡിലെ" ആണെന്നാണു് പ്രൊട്ടക്ടറുടെ റിപ്പോർട്ടുകൊണ്ടു കാണുന്നതു്. ഈ അവസ്ഥയ്ക്കു് ഇതു വേറെ ഒരാളെ ഏല്പിച്ചാലും ഇങ്ങനെ താമസം വരാതിരിയ്ക്കയില്ല. കുറച്ചുതാമസം ഇപ്പോൾ വരുന്നതു് എങ്ങിനെയായാലുംവരും. ഇതു് ജനറലായിട്ടുള്ള ഒരു കാര്യമാണു്

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകിച്ചു ഇക്കാര്യത്തിൽ. എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ, അതിനെപ്പറ്റി അന്വേഷിയ്ക്കുവാനും മറ്റും സാധിയ്ക്കും. അല്ലാതെ ഇങ്ങനെ ജനറലായിട്ടുള്ള വല്ലതും ചോദിച്ചാൽ അതിനും ജനറലായിട്ടുള്ള ഒർ മറുപടി പറയുവാനേ തരമുള്ളു. ജനറലായിട്ടുള്ള ഈ സംഗതിയിൽ ഉണ്ടാകുന്ന താമസത്തെ കുറിച്ചു് അന്വേഷിയ്ക്കുവാനും പ്രയാസമാണു്. പുസ്തകം പബ്ലിഷു ചെയ്യാനുള്ള താമസത്തിനു വേണമെങ്കിൽ മേലാൽ അങ്ങനെ വരാതിരിയ്ക്കത്തക്കവണ്ണം അവക്കെഴുതി അയയ്ക്കാൻ സാധിക്കും. എന്നാൽ അതു മാത്രമല്ല ഇതിലും താമസത്തിനിടവരുന്നതു്. കൺട്രാക്ടർമാരെ ടെൻഡർ വിളിച്ചു് ഏല്പിയ്ക്കുവാനും അതു് പല കൈമറിഞ്ഞു് അതാതു സ്ഥാനത്തു് എത്തുവാനും ഉള്ള താമസമാണുണ്ടാകുന്നതു്. ഏതെങ്കിലും ഒന്നോ രണ്ടോ വിഷയങ്ങളിൽ പ്രത്യേകിച്ചു ഒരു ന്യൂനത കണ്ടാൽ അതു കണ്ടുപിടിച്ചു ശരിപ്പെടുത്തുവാൻ പ്രയാസമില്ല. അതുകൊണ്ടു് ഈ ജോലി ഡയറക്ടരുടെ കീഴിലാക്കിയാലും, വേറൊരാളുടെ കീഴിലാക്കിയാലും താമസം വരാനുള്ളതു് വരികയേയുള്ളു.

മിസ്റ്റർ കെ. ടി. മാത്യു.—താമസം വരാതിരിയ്ക്കത്തക്കവണ്ണം ഗവമ്മെണ്ടിൽ നിന്നും ഇതിലേയ്ക്കു് എന്തെങ്കിലും ചെയ്യുവാൻ സാധിയ്ക്കുയില്ലെ?

രാമവർമ്മതമ്പുരാൻ.—സാധനതാമസം എങ്ങിനേയും ഉണ്ടാകും. കാളനികളിൽ പഠിയ്ക്കുന്ന കുട്ടികളുടെ എണ്ണം എത്രയാണെന്നറിഞ്ഞിട്ടുവേണം എത്ര പുസ്തകം വേണമെന്നു കണക്കാക്കി അതിനു് ആർഡർ ചെയ്യുവാൻ. പിന്നെ അച്ചടിയ്ക്കാനുള്ള താമസം, ടെൻഡർ വിളിച്ചു കൊടുക്കാനുള്ള താമസം ഇങ്ങനെ വരുമ്പോൾ കുറച്ചു താമസം വരാതിരിയ്ക്കയില്ല.

മിസ്റ്റർ കെ. ടി. മാത്യു.—മുൻകൂട്ടി വാങ്ങിച്ചു വയ്ക്കുവാൻ സാധിയ്ക്കുയില്ലെ?

രാമവർമ്മതമ്പുരാൻ.—മുൻകൂട്ടി എത്ര പുസ്തകം വേണമെന്നെല്ലാം കണക്കാക്കി വാങ്ങിയ്ക്കുവാൻ വളരെ പ്രയാസമുണ്ടു്. സ്കൂൾ തുറന്നു് കുട്ടികളെത്രയുണ്ടെന്നു നോക്കിയെ വാങ്ങിയ്ക്കുവാൻ സാധിയ്ക്കുയുള്ളു. ഇങ്ങനെ സ്റ്റോറും, പുസ്തകങ്ങളും ഇവയെല്ലാം ഡിസ്ട്രിബ്യൂട്ടു് ചെയ്യുന്നതിൽ ആരെങ്കിലും ശരിയായി വക്കു് ചെയ്യാതെയുണ്ടെങ്കിൽ അതുകണ്ടുപിടിച്ചു് അവരെ ശിക്ഷിയ്ക്കാൻ ഗവമ്മെണ്ടു തയ്യാറാണു്. അല്ലാതെ ഇതു് വേറെ ഒരു ഡിപ്പാർട്ടുമെണ്ടിലേയ്ക്കു മാറ്റേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഗവമ്മെണ്ടിനു് ഈ നിശ്ചയത്തെ സ്വീകരിയ്ക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ ജോസഫ് പെട്ട.—മാനേജരെ അപ്പായിന്റു ചെയ്യുന്നതിനെപ്പറ്റി അന്വേഷിച്ചതിനു് തൃപ്തികരമായ മറുപടി പ്രൊട്ട

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരർ തന്നതായി പറഞ്ഞു. എന്നാൽ ഇവിടെ ഒരു ചോദ്യത്തിനു് ഉത്തരമായി പറഞ്ഞിട്ടുള്ള ക്ലർക്കത്തിൽ P. V. നാരായണയ്യർ എന്ന ഒരാളുടെ പേരുണ്ടു്. അയാളെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ബഡ്ജറ്റു് സെഷനിൽ ഈ പേരേ ഉണ്ടായിരുന്നില്ല.

മിസ്റ്റർ എ. എൻ. മേനോൻ.—അധഃകൃത സംരക്ഷകൻ ഈ സകല സാധനങ്ങളും അതാതു സ്കൂളുകളുടെ പടിയ്ക്കൽ കൊണ്ടുപോയി കൊടുക്കുക എന്നുള്ളതു സാധിയ്ക്കാത്ത സംഗതിയാണു്. ഇപ്പോഴുള്ള താമസത്തിനു കാരണം ഇവിടെ അഡ്ജൂർ മെമ്പർ പറഞ്ഞതുപോലെ ഈ വകുപ്പിന്റെ സംഘടനയിൽ ന്യൂനതകൾ ഉണ്ടായിരുന്നതിനാലാണു്. അതുകൊണ്ടു് ആരെ ഏല്പിച്ചാലും ഇതിൽ കുറച്ചു താമസം ഉണ്ടാകും എന്നാണു തോന്നുന്നതു്. ഇപ്പോൾ ഈ വകുപ്പു് ആരംഭഘട്ടത്തിൽ മാത്രം എത്തിയിട്ടുള്ളതുകൊണ്ടു് ഇനിയും കാലക്രമേണയുള്ള പരിഷ്കാരങ്ങൾ വരുമ്പോൾ അതിൽ ഇപ്പോഴുള്ള ചില്ലറയായ ന്യൂനതകൾ തീർന്നുപോകുന്നതുമാണു്. അങ്ങിനെയല്ലാതെ ആ വകുപ്പദ്ധ്യക്ഷൻ തെറ്റുകാരനാണെന്നുണ്ടെങ്കിൽ തന്നെയും അതിലേയ്ക്കു വിദ്യാഭ്യാസമേലദ്ധ്യക്ഷനെ ശിക്ഷിയ്ക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. (ചിരി). ഈ വകുപ്പിലെ ജോലികൾ സാധാരണയായിട്ടു് വിദ്യാഭ്യാസമേലദ്ധ്യക്ഷനെ ഏല്പിച്ചാൽ വലിയ പ്രയാസമാണു്. അധഃകൃതരുടെ വിദ്യാഭ്യാസം അധഃകൃതരുടെ അടുക്കൽ തന്നെയിരിയ്ക്കട്ടെ എന്നുദ്ദേശിച്ചാണു് അതു പ്രത്യേകം ഒരു ഡിപ്പാർട്ടുമെണ്ടായി തിരിച്ചതു്. ഇതു രണ്ടും രണ്ടു ഡിപ്പാർട്ടുമെണ്ടല്ല. എന്നാൽ എല്ലാം ഒരാൾ ഭരിയ്ക്കുന്നതിനേക്കാൾ കുറച്ചുകൂടി സൌകര്യമുണ്ടാകുമെന്നു കരുതിയാണു് അധഃകൃത സംരക്ഷണ ഡിപ്പാർട്ടുമെണ്ടു് ഏർപ്പെടുത്തീട്ടുള്ളതു്. ഇവ രണ്ടും ഭാവിയിൽ ഒന്നുപോലെ യോജിച്ചു പ്രവൃത്തിയ്ക്കുവാനും ബുദ്ധിമുട്ടില്ലാത്തതാണു്. അതുകൊണ്ടു് കുറച്ചുകാലം കൂടി ഇതിനു വളർന്നു വരുവാനുള്ള സൌകര്യം കൊടുക്കാതെ വേണ്ട എന്നു വയ്ക്കുവാൻ ഇടകൊടുക്കരുതെന്നാണു് എനിയ്ക്കു പറയുവാനുള്ളതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ നിശ്ചയം ഞാൻ ഇവിടെ കൊണ്ടുവന്നതിന്റെ ഉദ്ദേശംതന്നെ അധഃകൃതർക്കുള്ള അവശതകൾ കൊണ്ടാണെന്നു് ആദ്യമെ പറഞ്ഞുകഴിഞ്ഞു. ഇതു് ഏതു ഡിപ്പാർട്ടുമെണ്ടിന്റെ കീഴിലായാലും വിരോധമില്ല; ന്യായമായ നിലയിൽ ഞങ്ങൾക്കു് ഉപകരിയ്ക്കുന്നതെന്തുവണ്ണം കിട്ടണമെന്നുള്ളതാണു് എന്റെ വിനീതമായ അപേക്ഷ. ഇവിടെ ഈഴവ മെമ്പർ ഇതു്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടിൽ നിന്നും മുമ്പ് കൊടുത്തുകൊണ്ടിരുന്നതിലും കൂടുതൽ താമസിയ്ക്കുന്നുണ്ടോ എന്നൊരു ചോദ്യം ചോദിയ്ക്കുകയുണ്ടായി. അതൊരു സാമ്പത്തികപരമായ ചോദ്യമാണെന്നാണ് ഞാൻ വിചാരിയ്ക്കുന്നത്. അധികം കുതർക്കവേണ്ട. ഇങ്ങനെ ഒരു ഡിപ്പാർട്ട്മെണ്ടുണ്ടാക്കീട്ടുള്ള സ്ഥിതിയ്ക്ക് മുമ്പിലത്തേതിലും കുറച്ചുകൂടി വേഗത്തിൽ കിട്ടേണ്ടതാണെന്നാണ് ഞാൻ പറയുന്നത്. അങ്ങനെ കിട്ടാത്തതുകൊണ്ടാണ് ഞാൻ ഇവിടെ ഒരു റസല്യൂഷൻതന്നെ കൊണ്ടുവന്നിട്ടുള്ളത്. (ഹിയർ, ഹിയർ).

പിന്നെ ഈ പുസ്തകം, സ്ലേറ്റ് മുതലായവ കൊടുക്കുന്ന കാര്യത്തെപ്പറ്റിയാണ് ഇതിനെ എതിർത്ത മെമ്പർമാരെല്ലം ഇവിടെ പറഞ്ഞിട്ടുള്ളത്. പ്രത്യേകിച്ച് ഞാൻ ഈ റസല്യൂഷനിൽ പൂണ്ടിക്കാണിച്ചിരിയ്ക്കുന്നത് സ്റ്റൈപ്പൻറ് കൊടുക്കുന്നതിനെ സംബന്ധിച്ചുമാത്രമാണ്. എന്നാൽ പുസ്തകം, സ്ലേറ്റ് മുതലായവ കൊടുക്കുന്ന കാര്യത്തിലും അധികം താമസം ഉണ്ടാകുന്നുണ്ടെന്നും ഞാൻ ഇതിനുമുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. സ്റ്റൈപ്പൻറിനെ സംബന്ധിച്ച് ഇവിടെ ആരും ഒന്നും പറഞ്ഞുകാണുന്നില്ല. ഇത് ഒരു വലിയ വിഷമമായിട്ടാണിരിയ്ക്കുന്നത്. സ്റ്റൈപ്പൻറ് നാലഞ്ചു മാസം കഴിയുമ്പോഴാണ് കിട്ടുന്നതെങ്കിൽ നിന്നും ഒരുമിച്ചുതരും. ഇങ്ങനെ ഇത് ഒന്നിച്ചുവാങ്ങി സമ്പാദിച്ചുകൊള്ളാമെന്നുള്ള ഉദ്ദേശം അക്കൂട്ടർക്കില്ല. ഈ കാര്യത്തിൽ ബുദ്ധിമുട്ടുകൂടാതെ അധികൃതവിദ്യാർത്ഥികൾ കഴിച്ചുകൂട്ടുവാൻവേണ്ടി അപ്പോഴപ്പോൾ കൊടുക്കണമെന്നാണ് എൻറെ അഭിപ്രായം.

പിന്നെ കിട്ടുന്നതിൽ നിന്നും പറഞ്ഞ മുപ്പടി സംരക്ഷണ ഡിപ്പാർട്ട്മെണ്ടുള്ളപ്പോൾ മറെറാരു ഡിപ്പാർട്ട്മെണ്ടിലേയ്ക്ക് ഈ തുകയുമതല കൊടുക്കുന്നതിൽ കുറച്ചു വിഷമമുണ്ടെന്നുള്ളതാണ്. എന്നാൽ ഈ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെണ്ടിൻറെ കീഴിലാണ് ഇപ്പോൾ ഈ വിദ്യാർത്ഥികളെല്ലാം ഇരിയ്ക്കുന്നത് ആ നിലയ്ക്ക് വേറെ ഒരു ഡിപ്പാർട്ട്മെണ്ടിൽ നിന്നും ഇതെല്ലാം കൊടുക്കുന്നതിനേക്കാൾ കഴിയുന്നതും വേഗത്തിൽ കിട്ടും എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെണ്ടിൽനിന്നുമായാൽ. എന്നു തന്നെയല്ല എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെണ്ടിലേയ്ക്ക് ഈ വക ജോലികൂടി ഏല്പിയ്ക്കുന്നുവെങ്കിൽ പിന്നെ മാസ്റ്റർമാർക്ക് ഞങ്ങളോടു വേറെ ഒരു വഴിയും പറയുവാനുണ്ടായിരിയ്ക്കയില്ല. ഇപ്പോൾ പറയുന്നതായ മുപ്പടി സംരക്ഷണഡിപ്പാർട്ട്മെൻറും എഡ്യൂക്കേഷൻഡിപ്പാർട്ട്മെൻറും തമ്മിൽ യാതൊരു ബന്ധവും ഇല്ല എന്നാണ്. സ്കൂൾമാസ്റ്റർമാരോടു ചോദിയ്ക്കുമ്പോൾ ഞങ്ങൾക്കു കിട്ടാതെ എവിടെ നിന്നു തരുമെന്നാണ് അവർ പറയുന്ന മറുപടി. അവരിൽ തന്നെ ഇപ്പോൾ പാടിയും വലിയുമായിരിയ്ക്കുന്നു. ആ പാടിയും വലിയും തീർന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനു ശേഷമേ ഞങ്ങൾക്കു് ന്യായമായ നിലയിൽ അപേക്ഷിയ്ക്കുവാൻ ഇടയുള്ളുവെന്നാണു് എനിയ്ക്കു തോന്നുന്നതു്. അതുകൊണ്ടു ഇക്കാര്യത്തിൽ ഒരു മാറ്റം ത്വരിതത്തിയാൽ ഞങ്ങൾക്കു സൌകര്യത്തിനു കിട്ടുമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണു് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതു്. അതു് ഗവൺമെണ്ടിനു് സമ്മതമില്ലെങ്കിൽ ഇനിയെങ്കിലും താമസം വരാതെ കിട്ടത്തക്കവണ്ണം ഗവൺമെണ്ടിന്റെ പ്രത്യേകമായ അന്വേഷണം ഈ വിഷയത്തിൽ എടുക്കാമെന്നു സമ്മതിയ്ക്കുന്ന പക്ഷം എനിയ്ക്കും അതു സമ്മതമാണു്. ഗവൺമെണ്ടിൽ നിന്നും ആ മറുപടി കൂടി കിട്ടിയാൽ എന്തു വേണമെന്നു വെച്ചാൽ അതു ചെയ്യാമെന്നു വിചാരിയ്ക്കുന്നു.

മിസ്റ്റർ ഐ. എൻ. മേനോൻ.—സ്റ്റെപ്പൻറു ശരിയായി കിട്ടുന്നില്ല എന്നാണു് മെമ്പരുടെ ആക്ഷേപം. മറ്റു കാര്യങ്ങൾ എല്ലാം പ്രൊട്ടക്ട്ക്കു ചെയ്യുവാൻ ഉള്ളതാണു്. ഈ സ്റ്റെപ്പൻറിന്റെ കാര്യം മാത്രം ആണെങ്കിൽ അതു വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽ നിന്നും ചെയ്തുകൊടുക്കുവാൻ പ്രയാസമില്ല. ബാക്കിയുള്ള കാര്യങ്ങളും കൂടി വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലേയ്ക്കു എടുത്തു ചെയ്യുവാൻ സാധിയ്ക്കയില്ല. സ്റ്റെപ്പൻറു മാത്രമാണെങ്കിൽ അതിനെ സ്വീകരിച്ചു വേണ്ടതു ചെയ്തുകൊടുക്കുവാൻ യാതൊരു വിരോധവുമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഗവൺമെണ്ടിൽ നിന്നു് ഇതു സ്വീകരിച്ചതായി പറയുന്നതു കൊണ്ടു് ഞാൻ ഈ റസല്യൂഷനെ പിൻവലിയ്ക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Resolution withdrawn with leave of the House.

Irrigation Scheme—Nemmara Firkah.

Mr. K. G. Nayar.—"This Council recommends to the Government that some final decision may be arrived at in the near future regarding any irrigation scheme for the agriculturers in Nemmara Firkah". Sir, the subject matter of the resolution which I have now tabled for the consideration of this House is one entirely of local importance, confining its activities only to a limited portion of my constituency and my only excuse for introducing the same is the long-felt necessity for it. Unlike other parts of the Cochin State, I can tell the Hon'ble Members of this House that paddy cultivation in that part of the Cochin State is not flourishing since it mainly depends upon rain water for its cultivation. This is a matter which has very often been brought to the notice of the Government and I remember that as long ago as 15 years back when I was a young student of the school, this matter was taken up for consideration by the then Diwan and various schemes were under consideration, contemplation and investigation. The net result of all these schemes and consideration for the past so many years has been that the matter is still under consideration as was answered by the Hon'ble the Chief Engineer to the

LIBRARY ARCHIVES Kerala Legislative Assembly